# The Gaza Mono-Logues

ASHTAR Theatre
PALESTINE

**1**
**അഹ് മദ് എൽ റുസ്സി / ജനനം 1993 / അൽ വെലിദ സ്ട്രീറ്റ്**

യുദ്ധത്തിനു മുമ്പെനിക്കു തോന്നാറുള്ളത്, ഗാസ എനിക്കു മറ്റൊരമ്മയെപ്പോലെയാണെന്നായിരുന്നു. ഗാസയുടെ മണ്ണ് എനിക്കെപ്പോൾ വേണമെങ്കിലും ഓടിച്ചെന്നു കിടക്കാവുന്ന ചൂടുള്ള നെഞ്ചായിരുന്നു, അതിന്റെയാകാശം എന്റെ സ്വപ്നങ്ങളും.... അതിരുകളില്ലാത്തത്. കടൽ എന്റെ സങ്കടങ്ങളെയൊക്കെ കഴുകിക്കളയുമായിരുന്നു. പക്ഷെ, ഇന്നെനിക്കു തോന്നുന്നത് അതൊരു നാടുകടത്തലാണെന്നാണ്. എനിക്കിപ്പോൾ തോന്നുന്നേയില്ല അതെന്റെ സ്വപ്നങ്ങളുടെ നഗരമാണെന്ന്.

യുദ്ധത്തിനിടയിൽ, പ്രധാന വൈദ്യുതിപ്പോസ്റ്റിൽ ഒരു കൂറ്റൻ റോക്കറ്റ് വന്നു വീണു. വലിയച്ഛന്മാരും ചെറിയച്ഛന്മാരുമൊക്കെ ഞങ്ങളോടൊത്ത് വീട്ടിലുണ്ടായിരുന്നു അപ്പോൾ. അതോടെ കറണ്ടു പോയി. പക്ഷെ വീടിനടുത്തുള്ള മറ്റൊരു ലൈനിൽ വൈദ്യുതിയുണ്ടായിരുന്നു. ഞാൻ അയൽ വീട്ടിലേക്കു ചെന്ന് ആ ലൈനിൽ നിന്ന് വീട്ടിലേക്ക് വൈദ്യുതിയെടുക്കാനുള്ള കമ്പി ചോദിച്ചു വാങ്ങി. കണക് ഷൻ കിട്ടിയതോടെ വീട്ടിൽ വെളിച്ചം കിട്ടി, പക്ഷെ അപ്പോഴേക്കും അയൽ വാസി, ആ കമ്പി തിരിച്ചു ചോദിക്കാനായി വന്നു. ഞങ്ങൾ അയാളുമായി വലിയ വഴക്കിലായി.

യുദ്ധത്തിനിടയിൽ, എല്ലാവരും സ്വന്തം കാര്യം മാത്രം ചിന്തിക്കുന്നവരാവുകയാണ്.

യുദ്ധസമയത്ത്, ഒരുപാടു പേർ 20 ചാക്ക് ഗോതമ്പു മാവു വരെ കരുതിവെച്ചിരുന്നു, അവർക്ക് പാചകവാതകത്തിനു ക്ഷാമവുമുണ്ടായിരുന്നില്ല, അതേ സമയം പലർക്കും ഒരു കഷണം റൊട്ടി പോലും കിട്ടാനുണ്ടായിരുന്നില്ല.... അവർ അയൽക്കാരോട് റൊട്ടി ചോദിച്ചു ചെല്ലും, എന്നാലും ഒരെണ്ണം പോലും കൊടുക്കില്ല. അധികം പേരും അവരുടെ

സാധനങ്ങളൊക്കെ പൂട്ടിവെച്ചു, ആർക്കും ഒന്നും കൊടുക്കേണ്ടെന്ന് തീരുമാനിച്ചിരുന്നു. പക്ഷെ മറ്റു പലരും നല്ല സ്വഭാവത്തോടെ, മറ്റുള്ളവരെ സഹായിച്ചുപോന്നു.

പറഞ്ഞുവന്ന വിഷയത്തിലേക്ക് തന്നെ മടങ്ങാം. അയൽക്കാരന്റെയാണു കമ്പിയെങ്കിലും അത് അയാൾക്ക് തിരിച്ചു കൊടുക്കാൻ ഞങ്ങളും കൂട്ടാക്കിയില്ല. അപ്പോഴാണു ഞാനാദ്യമായി തിരിച്ചറിയുന്നത്, ഞങ്ങൾക്കും പരമാവധി മോശക്കാരാവാൻ കഴിയുമെന്ന്. എന്തായാലും അതിനുള്ള ശിക്ഷ ഞങ്ങൾക്ക് അപ്പോൾത്തന്നെ കിട്ടി. ഞങ്ങളുടെ വീടിനോട് ചേർന്നുള്ള വീട്ടിൽ ബോംബു വീണു, അത് രണ്ടായി പിളർന്നു വീണു. പകുതി വന്നു വീണത് ഞങ്ങളുടെ മേലെയായിരുന്നു. ഞങ്ങൾ കമ്പിയും കറണ്ടുമെല്ലാം ഉപേക്ഷിച്ച് ജീവനും കൊണ്ട് ഓടിപ്പോയി, മുനിസിപ്പൽ പാർക്കിനടുത്തുള്ള അമ്മാമന്റെ വീട്ടിലേക്കു മാറി.

അമ്മാവന്റെ വീട് ഒരു സർക്കാർ കെട്ടിടത്തിനു സമീപമായിരുന്നു, വൈകുന്നേരമായപ്പോഴേക്കും ആൾക്കാർ പറയാൻ തുടങ്ങി, ആ കെട്ടിടം ബോംബിട്ടു തകർക്കാൻ സാധ്യതയുണ്ടെന്ന്. അതിൽ ബോംബു വീണാൽ, എന്റെ അമ്മാവന്റെ വീടും ഇല്ലാതാകും! എന്തു ചെയ്യണമെന്നോ, എങ്ങോട്ടു പോകണമെന്നോ ഒരു പിടിയും കിട്ടാതെ ഞങ്ങൾ അവിടെത്തന്നെയിരുന്നു. അച്ഛൻ ഞങ്ങൾക്ക് ധൈര്യം തരാൻ ശ്രമിച്ചു കൊണ്ടേയിരുന്നു: "വിഷമിക്കണ്ട, പേടിക്കരുത്, ഒന്നും സംഭവിക്കില്ല." പാതിരാത്രി വരെ ഞങ്ങൾ ആ ഇരിപ്പിരുന്നു. ചുറ്റും റോക്കറ്റുകളുടെ ശബ്ദവും സ്ഫോടനങ്ങളും കേൾക്കാമായിരുന്നു. അച്ഛൻ പറഞ്ഞു കൊണ്ടിരുന്നു, പേടിക്കണ്ട, കുഴപ്പമൊന്നുമുണ്ടാവില്ല എന്നൊക്കെ, പക്ഷെ, പെട്ടെന്ന് അച്ഛൻ പറഞ്ഞു, "വരൂ, നമ്മൾ വീട്ടിലേക്ക് തിരിച്ചു പോവുകയാ ണ്!" അതു പറഞ്ഞതും അച്ഛൻ ആകെ വിറയ്ക്കാൻ തുടങ്ങി. ഞങ്ങളെല്ലാവരും അച്ഛനോടൊപ്പം വിറച്ചു. അമ്മ ആർത്തലച്ചു കരയാൻ തുടങ്ങി. അമ്മാമന്റെ അവസ്ഥ അതിലും മോശമായിരുന്നു. എന്തായാലും, ആ പാതിരാക്കു തന്നെ ഞങ്ങൾ അമ്മാമന്റെ കുടുംബത്തോടൊപ്പം അവിടന്ന് ഓടിപ്പോന്നു.

ഞങ്ങൾ ഓടി വീട്ടിലെത്തി.... വീട്ടിലെത്തിയപ്പോഴും, എത്തിയെന്ന് വിശ്വസിക്കാനായില്ല. ഞങ്ങൾ എവിടെയാണു കിടന്നുറങ്ങിയതെന്നോ, എങ്ങനെയാണുറങ്ങിയതെന്നോ. ഇന്നു വരെ എനിക്കോർമ്മയില്ല. ആകെ പ്രധാനപ്പെട്ട കാര്യം ഞങ്ങൾ ആ കെട്ടിടത്തിൽ നിന്ന് ദൂരേക്കു പോന്നു എന്നതു മാത്രമായിരുന്നു. വൈദ്യുതിയെടുത്തിരുന്ന കമ്പി അയൽക്കാരൻ അഴിച്ചു കൊണ്ടുപോയിരുന്നു, രാത്രി മുഴുവൻ ഞങ്ങൾ ഇരുട്ടിൽ കഴിച്ചു കൂട്ടി, അയാളുടെ വീട്ടിൽ വെളിച്ചമുണ്ടായിരുന്നു താനും. അയാൾ കമ്പിയഴിച്ചു കൊണ്ടുപോയതിൽ തെറ്റൊന്നുമില്ലെന്ന് എനിക്കു തോന്നി.

അതിനു ശേഷം അച്ഛനു വൈദ്യുതി കണക് ഷനെപ്പറ്റി ഒരു കോം പ്ലക്സ് ബാധിച്ച പോലെയായിരുന്നു..... അച്ഛൻ മൂന്ന് കേബിളുകളും ആറു

ഗ്യാസുകുറ്റികളും വാങ്ങി, 20 നിയോൺ ലൈറ്റുകളും, 20 പാക്കറ്റ് മെഴുകുതിരികൾ, പത്തു പാക്ക് വയറുകൾ, 6 ടോർച്ചുകൾ, രണ്ടു പെട്ടി ബാറ്ററികൾ..... എല്ലാം വാങ്ങിച്ചു കൂട്ടി. ഞങ്ങൾ യുദ്ധകാലത്താണല്ലോ ജീവിക്കുന്നത്, അതു കൊണ്ട്, കാര്യങ്ങൾ മെച്ചപ്പെടു വരെ സൂക്ഷിച്ചേ പറ്റൂ.

എനിക്കാണെങ്കിൽ മറ്റെന്തിലും വഷളായ ഒരു മാനസികപ്രശ്നമാണുണ്ടായത്. യുദ്ധത്തിനു മുമ്പ് ഞാൻ ഏറെക്കുറെ ഉദാരമതിയായിരുന്നെന്നു പറയാം, ഒരുപക്ഷെ, എനിക്കപ്പോൾ സാധനങ്ങളുടെ മൂല്യം മനസ്സിലായിരിക്കില്ല, കാരണം ഒരിറക്ക് വെള്ളമോ, ഒരു കഷണം റൊട്ടിയോ കിട്ടാത്ത ഒരു ദിവസം വരുമെന്ന് അന്നൊന്നും എനിക്കറിയാമായിരുന്നില്ലല്ലോ. പക്ഷെ, യുദ്ധത്തിനു ശേഷം, ഞാൻ എല്ലാ കാര്യങ്ങളിലും അമിതമായ രീതിയിൽ ശ്രദ്ധ ചെലുത്താൻ തുടങ്ങി. ചായയിൽ അല്പം മാത്രം മധുരമിടുന്ന രീതി ശീലിച്ചു. ഒരു കഷണം റൊട്ടി പൊട്ടിച്ചെടുത്താൽ, ഞാനത് തിന്നു തീർക്കാൻ വിസമ്മതിച്ചു. ആഹാരത്തിനുള്ള രുചി പോലും എനിക്കു നഷ്ടപ്പെട്ടു. ഞാൻ അങ്ങേയറ്റം പിശുക്കു പിടിക്കാൻ തുടങ്ങി. അച്ഛൻ പറയും: 'അഹ് മദിന്റെ പോക്കറ്റ് മണി എപ്പോഴും അവന്റെ കയ്യിൽത്തന്നെയുണ്ട്." അതു ശരിയായിരുന്നു, ഞാൻ പോക്കറ്റ് മണി ചെലവാക്കാതെ സമ്പാദിച്ചു വെയ്ക്കാൻ തുടങ്ങിയിരുന്നു, ഇനി വീണ്ടുമൊരു യുദ്ധം വന്നാലോ എന്ന് പേടിച്ചിട്ട് !

വിവാഹമൊക്കെക്കഴിഞ്ഞ് ഒരു പത്തു കുട്ടികളുണ്ടായ ഒരാളെപ്പോലെയാണെനിക്കിപ്പോൾ തോന്നുന്നത്. ജീവിതത്തെത്തന്നെ ഞാൻ ഭയക്കുന്നു.... എല്ലാറ്റിനേയും.... ഏറ്റവും ചെറിയ കാര്യങ്ങളെപ്പോലും..... എല്ലായ്പ്പോഴും ഞാൻ ഭയക്കുന്നു. ഗാസ മൊത്തം തെന്നിനീങ്ങുന്ന മണൽപ്പരപ്പിലാണിരിക്കുന്നതെന്ന് എനിക്കെപ്പോഴും തോന്നുന്നു. നിങ്ങൾക്കു സങ്കല്പിക്കാനാവുന്നതിലപ്പുറമുള്ള ഏത് ഭ്രാന്തൻകാര്യവും ഇവിടെ ഒരു നിമിഷത്തിനകം സംഭവിച്ചേക്കാം, അതേ സമയം ഒരുപാട് സ്വപ്നങ്ങളും ഇവിടെ സാധ്യമായേക്കാം. വളരെ വിചിത്രമായൊരു നഗരമാണിത്, യാതൊരു യുക്തിയുമില്ലാത്തത്.

ചൈന ലോകത്തിന്റെ മൂന്നിലൊന്ന് ഭാഗമുണ്ട്, അവരെല്ലാവരും തുടർച്ചയായി പണിയെടുത്താലും, ഗാസയ്ക്കു വേണ്ട ഷൂകളും ഷർട്ടുകളും ഉണ്ടാക്കിത്തീരുക സാധ്യമാവില്ല. ഗാസ എല്ലാം നൊടിയിടയ്ക്കുള്ളിൽ ഉപയോഗിച്ചു തീർക്കുന്നു, അപ്പോഴേക്കും ലോകം അതിനെ ആക്രമിക്കുന്നു, പക്ഷെ, ഒന്നും സംഭവിച്ചിട്ടില്ലെന്ന് അത് ഭാവിച്ചു കൊണ്ടിരിക്കുന്നു. സത്യത്തിൽ ഗാസ ദാരിദ്ര്യത്തിലാണ്ടിരിക്കുകയാണ്, മാലിന്യക്കൂമ്പാരത്തിൽ നിന്നും ആഹാരാവശിഷ്ടങ്ങൾ പെറുക്കിയെടുക്കുന്ന മനുഷ്യരുണ്ടിവിടെ.

ദുരന്തമെന്തെന്നു വെച്ചാൽ, കാര്യങ്ങൾ വഷളായിക്കൊണ്ടേയിരിക്കുകയാണെന്നതാണ്, അതിനെ തടുക്കാനായി ഒന്നും സംഭവിക്കുന്നില്ല എന്നതാണ് ഏറ്റവും വലിയ ദുരന്തവും.

എല്ലാ കുഴിക്കും ഒരു അടിത്തട്ടുണ്ട്, ഗാസയ്ക്കൊഴികെ.

ഒരു നാൾ സ്വാതന്ത്ര്യത്തോടെ ജീവിക്കുന്നത് ഞാൻ സ്വപ്നം കാണുന്നുണ്ട്, അത് അത്ര വലിയ ഒരു സ്വപ്നമാണെന്നൊന്നും എനിക്കു തോന്നുന്നില്ല, പക്ഷെ അതു യാഥാർത്ഥ്യമാകാൻ ബുദ്ധിമുട്ടാണെന്നു മാത്രം.

പാലസ്തീനിന്റെ വിഭജനം അവസാനിക്കുകയെന്നതും എന്റെ സ്വപ്നമാണ്, ഞങ്ങളെ മനോരോഗികളാക്കിക്കൊണ്ടിരിക്കുന്ന ഈ വിഭജിതാവസ്ഥ.

ചിന്തകൾ എന്നെ ക്ഷീണത്തിലാഴ്ത്തുകയാണ്, പക്ഷെ എനിക്കതു നിർത്താനും കഴിയുന്നില്ല. ഞങ്ങൾ അപേക്ഷിച്ചു കൊണ്ടിരുന്നേ പറ്റൂ, ദൈവം പ്രദാനം ചെയ്യും വരെ, ഒപ്പം നിങ്ങളോടെല്ലാവരോടും. ഗുഡ് ബൈ!

**2**
**അഹ് മദ് താഹ / ജനനം 1996 / അൽ ദാര**

ഓർമ്മ വെച്ചപ്പോൾ തൊട്ട് ഞാൻ വിചാരിച്ചിരുന്നത് ലോകത്തിലെ ഏറ്റവും വലുതും ഏറ്റവും സുന്ദരമായതുമായ നഗരം ഗാസയാണെന്നാണ്. പക്ഷെ, ഒരിക്കൽ ഞാൻ അച്ഛനോടൊത്ത് യാഫയിൽ പോയി. തിരികെ വരുമ്പോൾ എന്റെ തലയാകെ കറങ്ങുന്നുണ്ടായിരുന്നു. അതിനു ശേഷം എനിക്ക് തോന്നാറുള്ളത് ഗാസ ഒരു സൂചിയുടെ ദ്വാരം പോലെ ചെറുതാണെന്നാണ്, അത് ഒട്ടും സുന്ദരമല്ലെന്നും. മാത്രമല്ല അത് കൂടുതൽ കൂടുതൽ ചെറുതായിക്കൊണ്ടീരുന്നു, മോശമായിക്കൊണ്ടും. ആർക്കും ഇവിടെ ശ്വാസം വിടാൻ പറ്റില്ല, അതിനൊക്കെ പുറമെ, ഞങ്ങൾക്ക് യാത്ര ചെയ്യാൻ അനുവാദവുമില്ല.

ഓരോ തവണയും ഗാസയിലെ തെരുവുകളിലൂടെ നടക്കുമ്പോൾ എനിക്കു ശ്വാസം മുട്ടും. യാഫയുടെ ചിത്രം എന്റെ മനസ്സിൽ നിന്നു പോവില്ല. ഞാൻ സ്വയം ചോദിക്കും, ഞങ്ങൾ എവിടെയാണ് ? ഞങ്ങൾ ബാക്കിയുള്ള ലോകത്തിൽ നിന്ന് വളരെ ദൂരെയാണ്. അതു കൊണ്ടാണു ഞാനെപ്പോഴും കടലിനടുത്തു പോകുന്നത്, കാരണം അത് ഗാസയിൽ നിന്ന് ഏറെ ദൂരെയാണെന്നാണെനിക്കു തോന്നാറുള്ളത്. ഞാൻ മണലിൽ എന്റെ പേരെഴുതും, തിരകൾവന്ന് അത് മായ്ച്ചുകളഞ്ഞുകൊണ്ടേയിരിക്കും.

യുദ്ധത്തിനു മുമ്പ് ഞാനൊരു ഇലക് ട്രോണിക് എഞ്ചിനീയറാകാൻ ആഗ്രഹിച്ചിരുന്നു, പക്ഷെ യുദ്ധം തുടങ്ങിയതിനു ശേഷം എനിക്കു സ്കൂളിൽ പോകാൻ താല്പര്യം തോന്നുന്നില്ല.  എനിക്കു തോന്നുന്നത്, ഞാനൊരിക്കലും ജീവിതത്തിൽ പ്രധാനപ്പെട്ട ഒന്നും തന്നെ ചെയ്യാൻ പോകുന്നില്ലെന്നാണ്. ഇനി അഥവാ, ഞാൻ എന്തെങ്കിലുമൊക്കെ ആയിത്തീർന്നാലും, അതു കൊണ്ടെന്താണു വ്യത്യാസം ? ഈ നഗരത്തിൽ എല്ലാം ഒരുപോലെയാണ്.  ഒരു ചവറുകൂനയിൽ വിരിയുന്ന സുന്ദരമായ പുഷ്പമായിത്തീരുമോ ഞാൻ ?

ബോംബുകൾ വീഴാൻ തുടങ്ങിയപ്പോൾ ഗാസയിലെ എല്ലാ സ്കൂൾ വിദ്യാർത്ഥികളും വീടുകളിലേക്കു പോയി, ഞങ്ങളൊഴിച്ച്. പ്രിൻസിപ്പൽ ഞങ്ങളെ പോകാനനുവദിച്ചില്ല. കുട്ടികളൊക്കെ പരിഭ്രമത്തിൽ നിയന്ത്രണം വിട്ടോടി, ഒരു നിമിഷം കൊണ്ട് അവർ സ്കൂൾമുറ്റത്തേക്കോടിയിറങ്ങി. ഏറ്റവും വിചിത്രമായ കാര്യമെന്തായിരുന്നെന്നു വെച്ചാൽ ഞാൻ പഠിച്ചിരുന്നത് സെയ് തൂണെ സ്കൂളിലായിരുന്നു, ആദ്യം ബോംബാക്രമണം നടന്ന പാസ് പോർട്ട് മന്ത്രാലയത്തിനു തൊട്ടടുത്തു തന്നെയായിരുന്നു ഞങ്ങളുടെ സ്കൂൾ.  ആദ്യത്തെ റോക്കറ്റാക്രമണത്തിൽത്തന്നെ,  ആ റോക്കറ്റിന്റെ ഒരു ഭാഗം ചിതറിത്തെറിച്ചു വന്ന് സ്കൂളിലെ ഏറ്റവും വലിയ മരത്തിനെ രണ്ടായി പിളർന്നു, ഒരു കരിമ്പിൻ തണ്ട് പിളരുന്ന പോലെ.  ആ കാഴ്ച കണ്ടതോടെ ഞങ്ങളെല്ലാവരും – കുട്ടികളും, അദ്ധ്യാപകരും, പ്രിൻസിപ്പാലും  - ഒരു നിമിഷം പോലും സ്കൂളിൽ നിൽക്കാതെ ഇറങ്ങിയോടി. ജീവനും കൊണ്ട് ഓടി രക്ഷപ്പെടുകയായിരുന്നു ഞങ്ങൾ.

അപ്പോൾ ഞാൻ വിചാരിച്ചത് ഈ യുദ്ധത്തിൽ ഞാൻ കാണുന്ന ഒരേയൊരു രക്തസാക്ഷി ആ മരമായിരിക്കുമെന്നാണ്.  പക്ഷെ, വീട്ടിലെത്തിയപ്പോൾ അറിഞ്ഞു, ഞങ്ങളുടെ തെരുവിൽത്തന്നെ നാലു പേർ രക്തസാക്ഷികളായിക്കഴിഞ്ഞുവെന്ന്.  ഞാൻ വന്ന് യാത്ര പറയാനായി കാത്തിരിക്കുകയായിരുന്നു അവരെന്നു തോന്നിപ്പോകും.  അതെല്ലാം കഴിഞ്ഞപ്പോഴേക്കും, ഞങ്ങളുടെ തെരുവിലെ ഒരേ കുടുംബത്തിൽ നിന്നുള്ള മൂന്ന് രക്തസാക്ഷികൾ കൂടി എത്തിച്ചേർന്നു. ...  അവരെ അടക്കം ചെയ്ത് ഞങ്ങൾ തിരിച്ചെത്തിയപ്പ്പോഴേക്കും ഞങ്ങളുടെ അയൽ വാസിയുടെ വീടും, തെരുവിൽ കു റച്ചപ്പു റത്തുള്ള രണ്ടു വീടുകളും സൈന്യം ബോംബിട്ടു തകർത്തു കഴിഞ്ഞിരുന്നു. വീട് ഭൂമിയിൽ നിന്ന് തുടച്ചു നീക്കിയതു പോലെയായിരുന്നു. എല്ലാവരും മരിച്ചു.  ചെറിയ പെൺകുട്ടികളുടെ കാര്യമോർത്താണെനിക്ക് കൂടുതൽ വിഷമം തോന്നിയത്.

യുദ്ധം എന്നെ മാത്രം ലക്ഷ്യം വെയ്ക്കുന്നതായിപ്പോലും എനിക്കു തോന്നി, ഗാസയിലുള്ള മറ്റാരെയും കാൾ. ദിവസം മുഴുവൻ ഞാൻ രക്തസാക്ഷികളെ കണ്ടു കൊണ്ടിരിക്കുകയായിരുന്നു.

ഒരിക്കലും മറക്കാനാവാത്ത ഒരു കാഴ്ചയായിരുന്നു അൽ ഷിഫാ ആശുപത്രി. നൂറുകണക്കിനു  മൃതദേഹങ്ങൾ ഒന്നിനു മേൽ ഒന്നായി വീണുകിടന്നു.

അവരുടെ മാംസവും, അവരുടെ രക്തവും, അവരുടെ എല്ലുകളും എല്ലാം പരസ്പരം ലയിച്ചു ചേർന്നുകൊണ്ടിരുന്നു. സ്ത്രീയെന്നോ, പുരുഷനെന്നോ, കുട്ടിയെന്നതു പോലുമോ വ്യത്യാസമില്ലാതെ. ആശുപത്രിക്കിടക്കകളിൽ മാംസത്തിന്റെ കൂമ്പാരങ്ങൾ, അലമു റയിടുകയും വിലപിക്കുകയും ചെയ്യുന്ന എണ്ണമില്ലാത്ത മനുഷ്യർ, സ്വന്തം കുഞ്ഞുങ്ങൾ എവിടെയാണെന്നറിയാത്തവർ, അവരുടെ സ്വന്തം പുരുഷന്മാരും സ്ത്രീകളും എവിടെയെന്നു പോലും അറിയാത്തവർ.

അന്നു രാത്രി, ആശുപത്രിയിൽ നിന്നു വീട്ടിലെത്തിക്കഴിഞ്ഞിട്ട്, നേരം പുലരും വരെ എനിക്കുറങ്ങാനായില്ല, ഭയം കൊണ്ട്. ഉറങ്ങാനാവാത്തത് അന്നൊരു രാത്രി മാത്രമായിരിക്കുമെന്നാണു ഞാൻ കരുതിയത്, പക്ഷെ, ഇന്നു വരേയ്ക്കും, ഞാൻ അവരെയൊക്കെ എന്റെ കണ്മുന്നിൽ കണ്ടുകൊണ്ടീരിക്കുന്നു, എനിക്ക് ഉറങ്ങാനാവുന്നില്ല!

**3**

**അഷറഫ് എ സോസ്സി / ജനനം 1994 / അൽ വെഹ് ദ സ്ട്രീറ്റ്**

അയൽവക്കത്തുള്ള കുട്ടികൾക്കെല്ലാം അവനെ ഇഷ്ടമായിരുന്നു. ഒരു ഇളം കാറ്റിനേക്കാൾ ശാന്തനായിരുന്നു അവൻ, അച്ഛൻ്റെ കയ്യിൽ നിന്നും സ്വന്തം പോക്കറ്റ് മണി വാങ്ങിച്ചെടുത്ത് എനിക്കു തരുമായിരുന്നു അവൻ.

എല്ലാവർക്കും അവനെ ഇഷ്ടമായിരുന്നു. എന്നും അവന്റെ കൂട്ടുകാർ വരും, അവരോടൊത്ത് അവൻ സ്കൂളിൽ പോകും. പൂമ്പാറ്റകളെപ്പോലെ തുള്ളിത്തിമർത്തു കൊണ്ടാണവർ പോകാറുള്ളത്, നിലം തൊടാതെ പാറിപ്പറന്നു കൊണ്ട്.... ലോകം അവർക്കായി മാത്രം ഉണ്ടാക്കപ്പെട്ടതാണെന്ന മട്ടിൽ.

ഇസ്രായേലി വിമാനങ്ങൾ ആകാശത്തുണ്ടായിരുന്നു. ഇരയുടെ മേൽ ചാടിവീഴാൻ കാത്തിരിക്കുന്ന ഭീകരജീവിയെപ്പോലെയായിരുന്നു ഹെലിക്കോപ്റ്ററിന്റെ ഇരമ്പൽ.

അവരുടെ നോട്ടപ്പുള്ളികളായിരുന്ന ഒരു പറ്റം ആൾക്കാരുമായി ഒരു കാർ യാർമൗക്ക് തെരുവിലൂടെ പോകുന്നുണ്ടായിരുന്നു, പൂമ്പാറ്റക്കുട്ടികൾ ആ കാറിനടുത്തെത്തിയിരുന്നു. അവരെ കത്തിയെരിക്കാൻ പോകുന്ന തീയായി മാറും ആ കാറെന്ന് പൂമ്പാറ്റകൾ അറിഞ്ഞിരുന്നില്ല.

ഒരു റോക്കറ്റ് കാറിനു മുകളിൽ വീണു. എന്റെ സഹോദരൻ താരീക് നിലത്തു നിന്ന് ഏതാണ്ട് അഞ്ചു മീറ്റർ ഉയർന്നു തെറിച്ചു. കാ റിനേക്കാൾ ഉയരത്തിൽ അവൻ തെറിച്ചുയർന്നു വീണു, എന്നിട്ട് നിലത്തു നിന്ന് സാധാരണ പോലെ എണീറ്റു നടന്നു. അവനു കുഴപ്പമൊന്നുമുണ്ടെന്ന് തോന്നിയില്ല. ആംബുലൻസുകളെത്തി, മൃതദേഹങ്ങൾ കൊണ്ടുപോയി. ആൾക്കാർ അവനോടു ആംബുലൻസിൽ കയറാൻ പറഞ്ഞു, പക്ഷെ അവനവരോടു പറഞ്ഞു, "എനിക്കു കുഴപ്പമൊന്നുമില്ല," എന്നിട്ടവൻ സ്കൂളിലേക്ക് പോയി.

ഏതാണ്ട് നൂറു മീറ്റർ നടന്നപ്പോഴേക്കും, അവൻ സ്വന്തം ഹൃദയത്തിൽ കൈ ചേർത്തു വച്ചു, രക്തസാക്ഷിയായി താഴെ വീണു. ഞാൻ സ്കൂൾ ബസ്സ് കാത്ത് തെരുവിൽ തന്നെ നിൽപ്പുണ്ടായിരുന്നു, എന്താണുണ്ടായതെന്ന് പോയി നോക്കാൻ സഹോദരി എന്നെ നിർബന്ധിച്ചു. ഞാൻ പോയി നോക്കി, പക്ഷെ, താരിക്കിനെ കണ്ടില്ല, ഞാൻ നേരെ സ്കൂളിലേക്ക് പോവുകയും ചെയ്തു.

ഞാൻ ക്ലാസിലിരിക്കുമ്പോൾ, ബന്ധുക്കൾ എന്നെ വിളിക്കാൻ വന്നു, മൂന്നു ദിവസത്തേക്ക് ക്ലാസിൽ വരണ്ട എന്ന് അവരെന്നോട് പറഞ്ഞു. എനിക്കപ്പോഴും ഒന്നും മനസ്സിലായില്ല, ഞങ്ങൾ കാറിൽ കയറി. എന്റെ അമ്മാമൻ ഡ്രൈവറോട് റേഡിയോ അടച്ചു വെയ്ക്കാൻ പറഞ്ഞു. അപ്പോഴാണെനിക്ക് എന്തോ കുഴപ്പമുണ്ടെന്ന് തോന്നാൻ തുടങ്ങിയത്. അമ്മാമനു സ്വതേ വാർത്ത കേൾക്കാൻ വലിയ ഇഷ്ടമാണ്.
വീട്ടിലെത്തിയപ്പോൾ, പുറത്ത് വലിയൊരു ജനക്കൂട്ടമുണ്ടായിരുന്നു. ഞാൻ ഇറങ്ങിച്ചെല്ലും മുമ്പേ അച്ഛൻ കസേരയിൽ കരഞ്ഞു കൊണ്ട് ഇരിക്കുന്നതു കണ്ടു. ആദ്യമായിട്ടാണു ഞാൻ അച്ഛൻ കരയുന്നതു കാണുന്നത്. താരിക്കിന്റെ ചിത്രം കയ്യിൽ പിടിച്ചു കൊണ്ടാണു അച്ഛൻ കരഞ്ഞിരുന്നത്.

ഞാൻ ചോദിച്ചു, 'അച്ഛാ, എന്റെ സഹോദരൻ രക്തസാക്ഷിയായോ ?" അച്ഛൻ പ റഞ്ഞു: 'ദൈവം അവന്റെ ആത്മാവിനോട് കരുണ കാണിക്കട്ടെ."

ആംബുലൻസ് അവനെ ആശുപത്രിയിൽ നിന്നും വീട്ടിലെത്തിച്ചു.... ഞങ്ങളെല്ലാവരും അവനോടു യാത്ര പറയാനായി ഓടിച്ചെന്നു. ഒരു മാലാഖയെപ്പോലെ അവൻ ഉറങ്ങിക്കിടന്നു, അവന്റെ പക്കലുണ്ടായിരുന്ന പുസ്തകം അപ്പോഴും കയ്യിൽ ഇരുന്നിരുന്നു.

ശ്മശാനത്തിലേക്ക് അവന്റെയൊപ്പം പോകാൻ അച്ഛൻ ഞങ്ങളെ അനുവദിച്ചില്ല, പക്ഷെ ഞാൻ കാറിൽ കയറിപ്പറ്റി, അവനെ യാത്രയാക്കാൻ പോയി, അവന്റെ ഖബറിൽ ഫാത്തിഹ ചൊല്ലാനും.... മൂന്നു മാസത്തോളം ഞാൻ എന്നും അവന്റെ കുഴിമാടം സന്ദർശിക്കാൻ പോയിക്കൊണ്ടിരുന്നു, അവനോട് സംസാരിക്കാനും.

രാത്രിയിൽ ഞാൻ അവന്റെ ചിത്രത്തിലേക്ക് നോക്കിക്കൊണ്ടിരിക്കും, അതിൽ എഴുതിയിരുന്നു – "ധീരനായ രക്തസാക്ഷി – താരിക്ക്'

അവൻ മരിച്ചതോടെ, എനിക്ക് ഒറ്റക്ക് കിടന്നുറങ്ങി ശീലമായി. ഞങ്ങൾ കെട്ടി മറിഞ്ഞാണു കിടന്നുറങ്ങാറുള്ളത്. ഒരാൾ മറ്റേയാളുടെ മേലെ കിടക്കും, തലയുടെ മേൽ കാലു വെയ്ക്കും. ഞങ്ങളുടെ കൈകാലുകൾ കെട്ടുപിണഞ്ഞതു പോലെയാണു തോന്നാറുള്ളത്. ഇപ്പോൾ എനിക്ക് മാത്രമായി ഒരു കട്ടിലുണ്ട്.

ഒരിക്കലും മറക്കാനാവില്ല, എന്റെ സഹോദരനെ.

4

**അലാ ഹജാജ് / ജനനം 1996 / അൽ ഷുജൈയ്യ / അൽ മൗതാർ**

എനിക്ക് തെരുവുകളിലൂടെയങ്ങനെ ഓടിക്കൊണ്ടേയിരിക്കാനാണു തോന്നുന്നത്, നിർത്താതെ ഓടിക്കൊണ്ടേയിരിക്കുക, എന്റെ ശിരോവസ്ത്രം ആകാശത്ത് പ റന്നു നടക്കും വരെ, ഞാനതിനു പുറകെ ഓടും വരെ....

ചിലപ്പോഴെനിക്കു തോന്നും തനി വട്ടുപിടിച്ച പോലെയുള്ള കാര്യങ്ങൾ ചെയ്യണമെന്ന്, പക്ഷെ എനിക്കതിനു കഴിയുന്നില്ല... ഇതാദ്യമായാണു ഞാൻ ഇതുപോലുള്ള കാര്യങ്ങൾ പറയുന്നതു തന്നെ, ഒരുപക്ഷെ ഇതൊന്നും ഞാൻ പതിവായി പറയുന്ന കാര്യങ്ങളേ അല്ലായിരിക്കാം, അല്ലെങ്കിൽ അതൊക്കെ എനിക്ക് പ്രകടിപ്പിക്കാൻ കഴിയാത്ത കാര്യങ്ങളായിരിക്കാം, അല്ലെങ്കിൽ തുറന്നു പ്രകടിപ്പിക്കാൻ എനിക്കു ഭയമായിരിക്കാം....

എന്തിനാണെന്റെ അച്ഛനുമമ്മയും എന്നോട് ഇതുപോലെ പെരുമാറുന്നത് ? ഞാൻ എന്റെ പ്രായത്തിലുള്ള മറ്റു പെൺകുട്ടികളെ നോക്കും, അവരെങ്ങനെയാണു അവരുടെ ജീവിതങ്ങൾ ജീവിക്കുന്നതെന്ന്, എനിക്കവരോട് അസൂയ തോന്നും. അവരെപ്പോലെയാവണമെന്ന് എനിക്കു തോന്നാറുണ്ട്. അവർക്കുള്ള ആത്മവിശ്വാസവും സ്വാതന്ത്ര്യബോധവും എനിക്കും കിട്ടണമെന്ന്.

ചിലപ്പോഴൊക്കെ ആഗ്രഹിക്കാറുണ്ട്, ഒരു കപ്പൽ വന്ന് എന്നെ ഏതെങ്കിലും വിദൂരമായ ദ്വീപിലേക്കു കൊണ്ടുപോയെങ്കിലെന്ന്, എന്നിട്ട് ആ ദ്വീപിന്റെ തീരത്തെവിടെയെങ്കിലും എന്നെ ഉപേക്ഷിച്ചുപോയെങ്കിലെന്ന്, ഈ ലോകത്തിൽ നിന്ന് ഒരുപാടു ദൂരെ, എല്ലാറ്റിൽ നിന്നും ഒരുപാടു ദൂരെ, പ്രത്യേകിച്ചു യുദ്ധത്തിൽ നിന്ന്.

യുദ്ധത്തിന്റെ കാര്യം പറയുമ്പോൾ ഒന്നുണ്ട് – യുദ്ധം മൊത്തത്തിൽ വലിയൊരു കൂമ്പാരമായിരുന്നു, അമ്മ മറ്റൊന്നും. എന്തിനാണു ഞാൻ നേരിട്ടു കണ്ട കാര്യങ്ങളൊക്കെ അമ്മ വീണ്ടും വീണ്ടും എന്നോട് വർണ്ണിച്ചു കൊണ്ടിരിക്കുന്നതെന്ന് എനിക്കൊരിക്കലും പിടികിട്ടാറില്ല.

അമ്മയും ഞാനും കൂടി ബാൽക്കണിയിൽ നിൽക്കുകയായിരുന്നു, അപ്പോഴാണവർ ഞങ്ങളുടെ അയൽക്കാരുടെ വീട്ടിൽ ബോംബിട്ടത്, അയൽക്കാരിൽ ഒരാൾ മരിച്ചു.... വീട് എങ്ങനെയാണു തകർന്നു

തരിപ്പണമായതെന്നും, മരിച്ചയാളുടെ ശരീരം തെരുവിലേക്ക് തെറിച്ചു വീണതെങ്ങനെയാണെന്നുമൊക്കെ ഞങ്ങൾ കണ്ടു. അതിനു ശേഷം ആ കുടുംബത്തിന്റെ അവസ്ഥയെന്തായിരിക്കുമെന്ന് ഊഹിക്കാവുന്നതേ ഉണ്ടായിരുന്നുള്ളൂ.

അതവിടം കൊണ്ട് കഴിഞ്ഞോ ? ഇല്ല, അതു കഴിഞ്ഞില്ല.

അമ്മ അതൊക്കെ എന്നോട് വർണ്ണിക്കാൻ തുടങ്ങി, എങ്ങനെയാണു ആ അയൽ വീട്ടിൽ ബോംബു വീണതെന്നും, എങ്ങനെയാണു അയൽക്കാരൻ വീട്ടിൽ നിന്ന് തെ റിച്ചു വീണതെന്നുമൊക്കെ, അമ്മയുടെ തൊട്ടടുത്ത് സംഭവം കണ്ടുകൊണ്ട് ഒപ്പം നിന്നിരുന്ന ഒരാളോടാണു പറയുന്നതെന്ന യാതൊരു ചിന്തയുമില്ലാതെ അമ്മ വിസ്തരിച്ചു കൊണ്ടേയിരുന്നു. യുദ്ധത്തിന്റെ സമയം മുഴുവൻ അമ്മ അങ്ങനെ കഥകൾ പറഞ്ഞുകൊണ്ടേയിരുന്നു, കേൾവിക്കാരിയായി ഞാൻ മാത്രം.

ഞങ്ങൾ ടിവി കണ്ടുകൊണ്ടിരിക്കുകയാവും, എവിടെയെങ്കിലും ബോംബു വീണതിനെപ്പറ്റിയും നാശനഷ്ടങ്ങളെപ്പറ്റിയുമൊക്കെ ടിവിയിൽ വാർത്ത വരുന്നുണ്ടാവും. റിപ്പോർട്ട് ചിലപ്പോ ഒരു പതിനഞ്ച് മിനിട്ടേ ഉണ്ടാകൂ, പക്ഷെ അമ്മ പറഞ്ഞുവരുമ്പോൾ അത് ഒരു രണ്ടു മണിക്കൂറെടുക്കും. ഞാൻ അവിടെയൊന്നും ഉണ്ടായിരുന്നേയില്ല എന്ന മട്ടിൽ അമ്മ അതിനെപ്പറ്റി വിസ്തരിക്കാൻ തുടങ്ങും. അവസാനം എനിക്ക് സ്വയം സംശയം തോന്നാൻ തുടങ്ങി – ഇനി ഞാൻ അമ്മയുടെ കൂടെ ടിവി കാണാൻ ഇരുന്നിട്ടുണ്ടാവില്ലേ ? ഞാനവിടെ ഉണ്ടായിരുന്നോ, അതോ ഇല്ലായിരുന്നോ ? ഞാനുണ്ടായിരുന്നു എന്നെനിക്കു റപ്പാണ്. ശരിക്കും ഞാനവിടെത്തന്നെ ഉണ്ടായിരുന്നു. അമ്മയുടെ തൊട്ടടുത്ത്.

ഭാഗ്യത്തിനു, അമ്മ ഇപ്പോൾ നിങ്ങളുടെ കൂടെയില്ല, അല്ലെങ്കിൽ അമ്മയുടെ കഥകൾ പറഞ്ഞ് നിങ്ങളെ വലച്ചു കളഞ്ഞേനെ.

5

**അമാനി എ ഷൊരാഫ / ജനനം: 1992 / അൽ റെമാൽ**

ഗാസ ഒരു വിമാനമാണ്, ആൾക്കാരെയും വഹിച്ചു കൊണ്ട് അജ്ഞാതമായ ഏതോ ഒരിടത്തിലേക്ക് പറന്നുകൊണ്ടിരിക്കുന്ന ഒരു വിമാനം; അതു ചെന്നിറങ്ങുന്നത് സ്വർഗ്ഗത്തിലോ നരകത്തിലോ ആവില്ല.  അതെപ്പോൾ ലാൻഡ് ചെയ്യുമെന്ന് ആർക്കുമറിയില്ല. ആൾക്കാർ അതിലെ ആ അനിശ്ചിതത്വത്തിൽ അങ്ങനെ പെട്ടുകിടക്കും. എന്റെ ജീവിതകാലത്തു തന്നെ അങ്ങനെ രണ്ടു വട്ടമുണ്ടായിട്ടുണ്ട്.

ഇവിടെ എല്ലാ ദിവസവും ഒരുപോലെയാണ്,  പുതുതായി ഒന്നും സംഭവിക്കുന്നില്ല.  ഏറ്റവും ലളിതമായി പറഞ്ഞാൽ, ഗാസയിൽ നിങ്ങളുടെ സ്വപ്നങ്ങളും ആഗ്രഹങ്ങളും നിറവേറ്റുകയെന്നത് അസാധ്യമാണ്, പ്രത്യേകിച്ച് അവ എനിക്കുള്ളതു പോലെയുള്ളവയാണെങ്കിൽ, ഒരാർട്ടിസ്റ്റ് ആവണമെന്നോ, പാടണമെന്നോ, അഭിനയിക്കണമെന്നോ, സംഗീതോപകരണങ്ങൾ വായിക്കണമെന്നോ ഒക്കെ...... ഗാസയിലെ ഒരേയൊരു സംഗീതം മരണത്തി ്റേതു മാത്രമാണ്, മുറിവുകൾക്കു മേൽ നൃത്തം ചവിട്ടുന്നതിൻ്റെയും.

ഞാൻ വിദേശത്തു പോയി സംവിധാനം പഠിക്കുകയാണെങ്കിൽ, സമൂഹം എങ്ങനെയായിരിക്കും എന്നെ കാണുക ? ഞാൻ ബിരുദം നേടിക്കഴിയുമ്പോഴേക്കും നാടിന്റെ അവസ്ഥ എന്തായിരിക്കും, ഇന്നത്തെപ്പോലെ തന്നെയോ, അതോ അതിലും മോശമോ ? എന്നെ സംബന്ധിച്ച് എല്ലാം അവ്യക്തമാണ്, പുക മൂടിയതും, വെള്ളിയാഴ്ച

ദിവസങ്ങളിൽ ഫെരസ് ചന്തയിലെ ആൾക്കാരുടെ മുഖങ്ങൾ പോലെ. യുദ്ധം തുടങ്ങിയ ദിവസത്തെപ്പോലെ....

പാസ് പോർട്ട് മന്ത്രാലയത്തിലായിരുന്നു ആദ്യത്തെ ആക്രമണം വിണത്. ഞാനും എന്റെ സുഹൃത്തും കൂടി ഒരു പരീക്ഷ കഴിഞ്ഞ് പുറത്തിറങ്ങിയതേ ഉണ്ടായിരുന്നുള്ളൂ. ഞങ്ങൾ സ്കൂൾ ഗേറ്റിനു പു റത്ത് വർത്തമാനം പറഞ്ഞിരിക്കുകയായിരുന്നു, മറ്റുള്ളവർ കൂടി പരീക്ഷ കഴിഞ്ഞ് ഇറങ്ങിയിട്ടു വേണം വീട്ടിലേക്കു പോകാൻ. ഞങ്ങളെല്ലാവരും ഒരുമിച്ചാണു വീട്ടിലേക്ക് പോകാറുള്ളത്. പെട്ടെന്ന് തുടർച്ചയായ സ്ഫോടനങ്ങൾ കേട്ടു... ഞാൻ നടുങ്ങിത്തെറിച്ചു പോയി, മരിക്കാൻ പോവുകയാണെന്ന് തീർച്ചപ്പെടുത്തി... സ്ത്രീകൾ അലമുറയിട്ടു കൊണ്ട് ഓടുന്നത് ഞാൻ കണ്ടു, അവർ സ്വന്തം മുഖത്ത് ആഞ്ഞടിക്കുന്നുണ്ടായിരുന്നു.. എന്താണു നടക്കുന്നതെന്ന് എനിക്കൊരു പിടിയും കിട്ടിയില്ല. കാലുകളുറപ്പിച്ച് നിൽക്കാൻ കഴിയുന്നില്ലെന്ന് എനിക്കു തോന്നി, ലോകം മൊത്തം കറങ്ങുന്നതായിട്ടും... ഞാൻ ബോധം കെട്ടു വീണു, അതോടെ ഒന്നുമറിയാതായി. അപ്പോഴേക്കും, സുഹൃത്തിൻ്റെ അലമു റ കേട്ട് എനിക്ക് ബോധം തെളിഞ്ഞു: "അമാനി, ദൈവത്തെയോർത്ത്, ഒന്നുണരൂ !!!"

ബോധം തെളിഞ്ഞപ്പോൾ ഞാൻ കരയാൻ തുടങ്ങി, എന്തു ചെയ്യണമെന്നോ എവിടേക്ക് പോകണമെന്നോ എനിക്കറിയില്ലായിരുന്നു. ഒരു മുതിർന്ന പെൺകുട്ടി എന്നെ പിടിച്ചെണീൽപ്പിച്ചു, വീട്ടിലെത്തിച്ചു. വീട്ടിലെത്തിയ ഉടനെ അമ്മ എന്നെ ചേർത്ത് കെട്ടിപ്പിടിച്ചു. ഞാനത്ര മാത്രം തളർന്നു പോയിരുന്നു, എങ്ങനെയെങ്കിലും ഒന്ന് വിശ്രമിച്ചാൽ മതിയെന്നായിരുന്നു, ആരുടെയെങ്കിലും കൈകളിൽ ഒന്ന് വീണാൽ മതിയെന്നും. സ്വന്തം മരണം അത്രമേൽ അടുത്തെത്തിയെന്ന തോന്നലാണു ഒരുപക്ഷെ ഏറ്റവുമധികം താങ്ങാൻ പറ്റാത്തത്.

യുദ്ധം കറുത്തൊരു ഭൂതമാണ്, ഗാസയുടെ പകലുകളെയും രാത്രികളെയും ഒന്നുപോലെ വിഴുങ്ങിയ കറുത്ത ഭൂതം. അത് ജനങ്ങളുടെ മേലും, ഭൂമിയുടെയും ആകാശത്തിൻ്റെയും, ഞങ്ങൾ ശ്വസിക്കുന്ന വായുവിൻ്റെയും മേൽ അതിൻ്റെ നരകം അടിച്ചേൽപ്പിച്ചു.

യുദ്ധത്തിനു ശേഷം ഞാൻ മാനസികമായി തകർന്നു പോയിരുന്നു. ഒരു വലിയ, ഭ്രാന്തമായ തിര എൻ്റെ ആത്മാവിനെ കീഴടക്കി. അതിൻ്റെ കീഴിൽ നിന്നും ഒരിക്കലും പുറത്തു വരാനാവില്ലെന്ന് ഞാൻ ചിന്തിച്ചിരുന്നു. പക്ഷെ, അതിനുള്ളിൽ നിന്നും ആരോ എന്നെ പുറത്തു വലിച്ചെടുത്തു. തിരമാലകൾക്കുള്ളിൽ നിന്നും പു റത്തു വലിച്ചെടുത്ത ഒരു റബ്ബർ വലയം പോലെ.

ഒരുപാടു കാലമായി അനുഭവിച്ചിട്ടില്ലാത്ത ഒരു സ്വാസ്ഥ്യം ഇപ്പോൾ ഞാൻ അറിയുന്നുണ്ട്.   അത് അങ്ങനെത്തന്നെ തുടരട്ടേയെന്ന് ഞാൻ ആഗ്രഹിക്കുന്നു.

**6**

**അംജദ് അബു യാസിൻ / ജനനം 1993 / ആഷ് ഷാതി ക്യാമ്പ്**

യുദ്ധത്തിന്റെ തൊട്ടു തലേ ദിവസം വരെ, ഗാസ എനിക്കു സന്തോഷത്തിന്റെയും ആഹ്ലാദത്തിമർപ്പിന്റെയും ഇടമായിരുന്നു.... യാത്രകൾ....  കടലിലേക്കുള്ള പോക്ക്.... ജീവിതം സന്തോഷം നിറഞ്ഞതായിത്തോന്നിയിരുന്നു....  പ്രത്യേകിച്ചൊന്നിനെക്കുറിച്ചുമുള്ള ചിന്തകളുണ്ടായിരുന്നില്ല എനിക്കപ്പോൾ.

എനിക്കൊരു സ്വപ്നമുണ്ടായിരുന്നു, ഗാസയിലെ കലാകായിക രംഗം വികസിക്കുമെന്ന്. ഈ രണ്ടു കാര്യങ്ങളൊഴികെ മറ്റെല്ലാം കൊള്ളാവുന്നതാണെന്നാണു ഞാൻ വിചാരിച്ചിരുന്നത്, പക്ഷെ കൊള്ളാവുന്നതായി യഥാർത്ഥത്തിൽ ഒന്നുമുണ്ടായിരുന്നില്ല, കലയില്ല, കായികരംഗമില്ല, ആരോഗ്യരംഗമില്ല, സുരക്ഷിതത്വവുമില്ല, എല്ലാം ഒരുപോലെയായിരുന്നു.

ഒരു അഭിനേതാവാകണമെന്ന ആഗ്രഹം എന്നിൽ ഉദിച്ചതോടെ, ഗാസ എന്റെ സ്വപ്നങ്ങളുടെ നഗരമല്ലാതായി. ഗാസയിലുള്ള പത്തിരുപതു പേർക്കു വേണ്ടി ഞാനൊരു അഭിനേതാവാകണോ ? അതോ അതിർത്തികൾ തുറക്കും വരെ കാത്തിരിക്കണോ ?

എന്നെക്കൊണ്ട് എന്തെങ്കിലും ചെയ്യാനാവുമായിരുന്നെങ്കിൽ, യുദ്ധങ്ങളും, മരണവും, അക്രമങ്ങളുമെല്ലാം ഇല്ലാതാക്കാൻ ഞാൻ പരമാവധി ശ്രമിച്ചേനെ. ഭൂമിയിൽ വീഴുന്ന ഓരോ തുള്ളി രക്തവും അപമാനകരമാണ്. ജനങ്ങൾ വെച്ചുപുലർത്തുന്ന നിശ്ശബ്ദതയെയും സാധാരണമല്ലാത്ത സഹനത്തെയും ഞാൻ വെറുക്കുന്നു. നാളെ ഗാസ മൊത്തം ഉണർന്നെഴുന്നേൽക്കുകയും, തെരുവിലൂടെ കൂട്ടമായി നടന്ന് ഉച്ചത്തിൽ 'മതീ !!!!" എന്ന് അട്ടഹസിക്കുകയും ചെയ്യുമെന്ന് ഞാനാഗ്രഹിക്കാറുണ്ട്.

യുദ്ധം ആരംഭിക്കുമ്പോൾ, ഞങ്ങൾ ഫുട് ബോൾ കളിക്കുകയായിരുന്നു. മൊത്തത്തിൽ എന്തോ അസാധാരണത്വം അന്തരീക്ഷത്തിൽ അനുഭവപ്പെട്ടു. ആകാശം ചുവന്നിരുന്നു.... പൊടുന്നനെ ഞങ്ങളൊരു വിമാനത്തിന്റെ ശബ്ദം കേട്ടു. അതുപോലൊരു ശബ്ദം ഞാനന്നു വരെ കേട്ടിരുന്നില്ല. ഞങ്ങളെല്ലാവരും ഭയന്നുവിറച്ച് നിലത്തു കമഴ്ന്നു കിടന്നു, മരണത്തെ പ്രതീക്ഷിച്ചു കൊണ്ട്. അല്പം കഴിഞ്ഞ്, വലിയൊരു സ്ഫോടനശബ്ദം കേട്ടു, ഞങ്ങൾക്ക് തൊട്ടപ്പുറത്തായിത്തന്നെ. അതോടെ ഞങ്ങൾ പരസ് പരം നോക്കി, നിശ്ശബ്ദതയിലൂടെ യാത്രപറയാൻ തുടങ്ങി.

ആ ബോംബുകൾ ഞങ്ങളെ ലക്ഷ്യമാക്കിയവയായിരുന്നില്ല, തൊട്ടപ്പുറത്തുള്ള റോഡിലൂടെ സഞ്ചരിച്ചിരുന്ന ഒരു കാറിലുണ്ടായിരുന്നവരായിരുന്നു അവരുടെ ലക്ഷ്യം. പക്ഷെ ഞങ്ങൾ കിടന്നിടത്തു തന്നെ പതിഞ്ഞു കിടന്നു, രണ്ടാമത്തെ റോക്കറ്റിനെയും പ്രതീക്ഷിച്ചു കൊണ്ട്. എന്റെ കൂടെയുണ്ടായിരുന്ന രണ്ടു ജ്യേഷ്ഠന്മാരെപ്പറ്റി മാത്രം ഞാൻ ചിന്തിച്ചു കൊണ്ടിരുന്നു. എന്നെപ്പറ്റിയല്ല, അവരുടെ കാര്യമോർത്താണു ഞാൻ പരിഭ്രാന്തനായത്. അവരും അങ്ങനെത്തന്നെയാവണം ചിന്തിച്ചിട്ടുണ്ടാവുക.

പിന്നെ ഞാൻ എന്റെ സ്പോർട്ട്സ് ട്രൗസറുമെടുത്ത് മൈതാനത്തു നിന്നും ഓടിപ്പോന്നു. ഓട്ടത്തിനിടയിൽ മൂർച്ചയുള്ള ഒരു ലോഹക്കഷണം,

ബോംബിന്റെ ശകലം, കാലിൽ തറഞ്ഞു കയറി. അത് കാലിൽ നിന്നു വലിച്ചൂരിയെടുത്ത് ഞാൻ തെരുവിലേക്കു കടന്നു, അവിടെ അവരെ കണ്ടു. അവർ മൂന്നു രക്തസാക്ഷികളായിക്കഴിഞ്ഞിരുന്നു, ആരെയും തിരിച്ചറിയാനാവുമായിരുന്നില്ല.

ആദ്യത്തെയാളുടെ കാലുകൾ കത്തിയെരിയുന്നുണ്ടായിരുന്നു, അയാൾ എന്റെ നേരെത്തന്നെ നോക്കിക്കൊണ്ടീരുന്നു, എന്നോട് എന്തോ വിളിച്ചു പറയാൻ ശ്രമിക്കും ഞാൻ അയാളുടെ നേർക്കും.
അവിടെയുണ്ടായിരുന്നവരുടെ ഇടയിൽ നിന്ന് അയാൾ എനിക്കെന്തോ മുന്നറിയിപ്പു തരാൻ ശ്രമിക്കും പോലെ എനിക്കു തോന്നി, എന്താണതെന്ന് എനിക്കു മനസ്സിലായില്ല.  പെട്ടെന്നാണെനിക്കു മനസ്സിലായത്, അയാൾ എനിക്ക് മുന്നറിയിപ്പു തരാൻ ശ്രമിച്ചു കൊണ്ടീരുന്നത്, ഞങ്ങളുടെ നേരെ പാഞ്ഞു വരുന്ന ഒരു കാറിനെപ്പറ്റിയായിരുന്നു.

അപ്പോൾ എനിക്കു മരണമെന്നതിന്റെ ശരിക്കുള്ള അർത്ഥം മനസ്സിലായി. മൂന്നു രക്തസാക്ഷികൾക്കു പകരം, നാലു പേരാകുമായിരുന്നു എന്നും.

ഞാനാ രംഗം കണ്ട് ആഘാതമേറ്റ പോലെയായിരുന്നു. എല്ലാം നോക്കിക്കണ്ടുകൊണ്ട് ഞാൻ മരവിച്ചു നിന്നു. ഏതാണ്ട് സമനില തിരിച്ചു കിട്ടിയപ്പോൾ ഞാൻ വീട്ടിലേക്കോടി.

യുദ്ധം വരികയും പോവുകയും ചെയ്തു, ഞങ്ങളിപ്പോഴും അതു ജീവിച്ചു കൊണ്ടിരിക്കുന്നു. ഇരകളാവുന്നത് എപ്പോഴും ഒന്നിലും പെടാത്ത പാവപ്പെട്ട മനുഷ്യരായിരിക്കും.  എന്റെ നാട്ടിൽ ഒരു ഭൂമികുലുക്കമുണ്ടായാലോ, പ്രളയമുണ്ടായാലോ പോലും അതിൽപ്പെടുന്നത് പാവപ്പെട്ടവരാണ്. പ്രപഞ്ചം തന്നെ അവർക്കെതിരേ എന്തോ ഒരു ഗൂഢാലോചന നടത്തുന്നതു പോലെ.

യുദ്ധം കഴിഞ്ഞതോടെ എല്ലാവരും പരസ്പരം നുണ പറയാൻ തുടങ്ങി.... തട്ടിപ്പുകൾ... ചതി... വഞ്ചന.....

സ്ഥാനമാനങ്ങൾക്കും, സ്വന്തം താല്പര്യങ്ങൾക്കും വേണ്ടി നേതാക്കന്മാരും, അധികാരം കൈയിലുള്ളവരും കൂട്ടക്കശാപ്പുകളും മറ്റ് കുറ്റകൃത്യങ്ങളും നടത്തുന്നു, യാതൊരു കൂസലുമില്ലാതെ, തരിമ്പും കുറ്റബോധമില്ലാതെ..... ദരിദ്രർ കൂടുതൽക്കൂടുതൽ ദരിദ്രരാകുന്നു, രോഗികൾ കൂടുതൽക്കൂടുതൽ രോഗികളും.

എനിക്ക് എല്ലാത്തരം മുദ്രാവാക്യങ്ങളിലും വിശ്വാസം നഷ്ടപ്പെട്ടു കഴിഞ്ഞു... ഏറ്റവും ഉന്നതനായ നേതാവിൽ നിന്നു വരുന്ന, ഏറ്റവും വലിയ പ്രസംഗം പോലും വെ റും പൊള്ളത്തരമാണ്.  ലോകത്തിലെ ഏറ്റവും മഹത്തായ പ്രഭാഷണത്തിനു പോലും, തണുത്തു വിറയ്ക്കുന്നവർക്കോ,  യുദ്ധത്തിനു ശേഷം ടെൻ്റിൽ കഴിയുന്നവർക്കോ ചൂടു പകരാൻ കഴിയില്ല. ഏറ്റവും

വലിയ പ്രതിസന്ധിയെന്തെന്നു വെച്ചാൽ, ലോകം മുഴുവൻ ഞങ്ങളെ നിരീക്ഷിച്ചു കൊണ്ടേയിരിക്കുകയാണ്, വിശേഷിച്ചൊന്നും സംഭവിക്കാത്ത മട്ടിൽ, എന്നിട്ടവർ പിന്നേയും പ്രഭാഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

**7**

**അനസ് അബു എയ് താ / ജനനം 1995 / ആഷ് ഷെയ് ഖ് റാദ് വാൻ**

കൊച്ചുകുട്ടിയായിരുന്ന കാലം തൊട്ടേ എന്റെ സ്വപ്നമായിരുന്നു, വലിയൊരു ഫുട് ബോൾ കളിക്കാരനാവുകയെന്നത്. എന്റെ സ്വപ്നം യാഥാർത്ഥ്യമാവുമെന്നാണു ഞാനെപ്പോഴും വിചാരിച്ചു പോന്നതും. പക്ഷെ, ഇന്ന് എന്റെ മുന്നിലുള്ളത് എണ്ണിയാലൊടുങ്ങാത്ത തടസ്സങ്ങളാണ്. മുമ്പേ തന്നെ, മുതിർന്നവർക്കോ കുട്ടികൾക്കോ കളിക്കാനുള്ള മൈതാനങ്ങളൊന്നും ഇവിടെയുണ്ടായിരുന്നില്ല, പിന്നെ ഉപരോധം കൂടി തുടങ്ങിയതോടെ എല്ലാ കാര്യങ്ങളും കൂടുതൽ വഷളായി.

ഞാൻ പ്രധാനമന്ത്രിയായിരുന്നെങ്കിൽ, തീർച്ചയായും യുവാക്കൾക്കും കായികരംഗത്തിനുമുള്ള മന്ത്രാലയത്തിന്റെ കാര്യത്തിൽ ഏറ്റവുമധികം ശ്രദ്ധ കൊടുത്തേനെ. എല്ലായിടത്തും കളിക്കാനുള്ള മൈതാനങ്ങൾ പണിയിപ്പിച്ചേനെ, പ്രത്യേകിച്ച് സ്കൂളുകളിൽ. എന്നിട്ട് കുട്ടികൾക്ക് ഇഷ്ടം പോലെ കളിക്കാനുള്ള അനുവാദം കൊടുത്തേനെ, അല്ലാതെ സ്കൂൾ വാച്ച് മാനെക്കൊണ്ട് കുട്ടികളെ ഓടിച്ചു വിടില്ല. ക്ലബ്ബുകൾ ഫീസ് ഈടാക്കുന്നത് നിരോധിച്ചേനെ, പിന്നെ പാർക്കുകളൊക്കെ സംരക്ഷിക്കാൻ ഉത്തരവു കൊടുത്തേനെ.

പക്ഷെ, സ്വപ്നങ്ങൾ, സുരക്ഷിതത്വ, പ്രതീക്ഷ, ഭാവി എല്ലാം ഇവിടെ, ഏറ്റവും ചെറിയ സ്വപ്നത്തെപ്പോലും കൊന്നുകളയുന്ന ഈ നഗരത്തിൽ, അർത്ഥം നഷ്ടപ്പെടുന്ന വാക്കുകൾ മാത്രമാണ്.

ഞാൻ ഗോൾകീപ്പർ ആയിരുന്നു, എന്റെ കൂട്ടുകാരൻ മുഹമ്മദ് എപ്പോഴും പറയും – "ഞാനിതാ ഇന്നൊരു ഗോളടിക്കും, തീർച്ച." പക്ഷെ എനിക്ക് എപ്പോഴും അവന്റെ ഗോളുകൾ തടഞ്ഞു നിർത്താൻ സാധിച്ചിരുന്നു.

അന്ന്, ജനുവരി 7, 2009, യുദ്ധത്തിനിടയിലെ ഒരു ദിവസം, ഞാൻ വീട്ടുവാതിൽക്കൽ ഇരിക്കുകയായിരുന്നു, പു റത്ത് മൂടൽമഞ്ഞുണ്ടായിരുന്നു. ആരോ ഓടിവന്ന് എന്നോടു പറഞ്ഞു, നിന്റെ ചങ്ങാതി മുഹമ്മദ് രക്തസാക്ഷിയായി. സ്വാഭാവികമായും ഞാനതു വിശ്വസിക്കാൻ

കൂട്ടാക്കിയില്ല.  ഞാൻ അവനെ അന്വേഷിച്ചു പുറപ്പെട്ടു.  മരണമെന്നു കേൾക്കുന്നതേ എനിക്കു പേടിയായിരുന്നു.

ഞാൻ പള്ളിയിലെത്തി. അവിടെ ഞാൻ എന്റെ ഏറ്റവുമടുത്ത കൂട്ടുകാരനായിരുന്ന മുഹമ്മദിനെ കണ്ടു, പാലസ്തീന്റെ പതാകയിൽ പൊതിഞ്ഞ്, കഷണങ്ങളായി ചിതറിയ നിലയിൽ.  ഞാനൊരുപാട് കരഞ്ഞു, ഒരുപാട്.  എനിക്കവനെ ഒന്നു കെട്ടിപ്പിടിക്കാനോ, ഉമ്മ വെയ്ക്കാനോ കഴിയുന്നില്ലല്ലോ എന്നായിരുന്നു എന്റെ ഏറ്റവും വലിയ സങ്കടം. ഞാനവന്റെ ദേഹത്ത് കെട്ടിപ്പിടിക്കാൻ ശ്രമിച്ചു.  ഞങ്ങളവനെ ശവപ്പറമ്പിലേക്കു കൊണ്ടുപോയി, ഖബറടക്കി.  അതു കഴിഞ്ഞിട്ടും ഞാൻ അവിടെത്തന്നെയിരുന്നു, എനിക്കവനെ എത്രമാത്രം ഇഷ്ടമായിരുന്നെന്ന് അവനോട് പറഞ്ഞുകൊണ്ട്. അവനെന്നെ തനിച്ചാക്കി പോയല്ലോ എന്നായിരുന്നു എന്റെ സങ്കടം മുഴുവൻ.

ഞാനവിടെ നിന്നു തിരിച്ചു പോരുമ്പോഴേക്കും വീണ്ടും കനത്ത ബോംബാക്രമണമുണ്ടായി.  മരണത്തിന്റെ മാലാഖ എന്നെ പിന്തുടർന്നുകൊണ്ടിരിക്കുകയാണെന്നെനിക്കു തോന്നി, ഒരിക്കലും വിടാതെ എന്നെ പിന്തുടരുകയാണെന്ന്.  പക്ഷെ, ദൈവത്തിനു സ്തുതി, ഞാനിന്നും ജീവനോടെയുണ്ട്.

## 8
## എഹാബ് എലായാൻ / ജനനം 1994 / അൽ സഫ് താവി സ്ട്രീറ്റ്

ചുറ്റുമുള്ള ലോകത്തിനെപ്പറ്റിയൊക്കെ ചിന്തിക്കാൻ തുടങ്ങിയ പ്രായത്തിൽ, എനിക്ക് വലിയ ലോകധാരണയൊന്നുമുണ്ടായിരുന്നില്ല. ജീവിതമെന്നു പറഞ്ഞാൽ, ജനിക്കുക, വലുതാവുക, കല്യാണം കഴിക്കുക, കുട്ടികളുണ്ടാവുക, ജോലി ചെയ്യുക, കുട്ടികളെ വളർത്തുക, അവർക്ക് ഭക്ഷണം കൊടുക്കുക, അവരെ പഠിപ്പിക്കുക, അവരുടെ കല്യാണം നടത്തുക, പിന്നെ ഒടുവിൽ മരിച്ചു പോവുക.

പക്ഷെ, യുദ്ധത്തിനു ശേഷമാണെനിക്കു ശരിക്കു മനസ്സിലാവുന്നത്, ജീവിതമെന്നു പറഞ്ഞാൽ ഈപ്പറയുന്നതിനേക്കാളുമൊക്കെ ബുദ്ധിമുട്ടാണെന്ന്. നമ്മൾ ഓരോ ചുവട് മുന്നോട്ടു പോകാൻ ശ്രമിക്കുമ്പോഴും അതിനെ തടഞ്ഞു നിർത്തുന്ന ഒരായിരം കെട്ടുപാടുകൾ പ്രത്യക്ഷപ്പെടുമെന്ന്.

വലുതാവുമ്പോൾ എന്തെങ്കിലും ജോലി കണ്ടുപിടിക്കാനാവുമോയെന്ന് എനിക്കു നല്ല ആശങ്കയുണ്ട്, കാരണം, നോക്കുന്നിടത്തൊക്കെ, ആണുങ്ങൾ ചുമ്മാ ഒരു പണിയും കിട്ടാതെ വീടിനു പുറത്ത് വെറുതെയിരിക്കുന്ന കാഴ്ചയാണു കാണുന്നത്. അതാണെന്നെ ഏറ്റവുമധികം ഭയപ്പെടുത്തുന്നതും വിഷമിപ്പിക്കുന്നതും. അതു കൊണ്ടു തന്നെയാണു ഗാസയിലെ കുട്ടികൾക്ക് ചെറുപ്പത്തിലേ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കേണ്ടി വരുന്നതും, അവരുടെ കുട്ടിക്കാലം ഇല്ലാതായിപ്പോകുന്നതും.

അമ്മ എപ്പോഴും പറയാറുണ്ട്: "എന്റെ മക്കളിൽ ഏറ്റവും നല്ലവൻ എഹാബാണ്.' ഞാൻ എപ്പോഴും വീട്ടിൽത്തന്നെ ഉണ്ടാവാറുണ്ട്,

കുഴപ്പങ്ങളൊന്നും ഒപ്പിക്കാറില്ല, അതുകൊണ്ടാണു അമ്മ അങ്ങനെ പറയുന്നത്.

യുദ്ധം തുടങ്ങിയപ്പോൾ അച്ഛൻ ഞങ്ങളെയൊക്കെ വീട്ടിലിട്ട് പൂട്ടി. ഞങ്ങളെപ്പറ്റി അച്ഛൻ അത്രമാത്രം ഭയന്നിരുന്നു. ഒരു രണ്ടു മണിക്കൂർ കഴിഞ്ഞപ്പോഴേക്കും എനിക്കു ബോറടിച്ചു. ഞാൻ പുറത്തു കടന്ന് വീടിനടുത്തു കൂടെ ഒന്നു ചുറ്റിനടക്കാൻ പോയി. പക്ഷെ, ഇത്തവണ ആ നടത്തം വ്യത്യസ്തമായിരുന്നു..... കാറുകൾക്കടുത്തു കൂടെ നടക്കാൻ എനിക്കു പേടിയായിരുന്നു, അവർ കാറുകൾക്കു മേൽ ബോംബിട്ടാലോ എന്ന ഭയം..... ആകാശത്തേക്ക് നോക്കിക്കൊണ്ടാണു ഞാൻ നടന്നത്... അഥവാ ഒരു വിമാനമെങ്ങാൻ വന്ന് ഞാൻ പോലുമ റിയാതെ എന്റെ മേൽ ബോംബിട്ടു പോയാലോ എന്ന ഭയം. സഫിയാവി ജില്ലയിൽ വലിയ ആക്രമണങ്ങളൊന്നുമുണ്ടായിരുന്നില്ലെങ്കിലും ഞാൻ ഭയന്നു വിറച്ചിരുന്നു. അവസാനം ഞാൻ പേടിച്ചു വിറച്ച് വീട്ടിലേക്കു തന്നെ തിരിച്ചോടിയെത്തി, പേടിപ്പിക്കുന്ന എന്തോ കണ്ടതു പോലെയായിരുന്നു ഞാൻ. പിന്നെ യുദ്ധം കഴിയും വരെ ഞാൻ എങ്ങും പോകാതെ വീട്ടിൽത്തന്നെയിരുന്നു.

യുദ്ധത്തിനു ശേഷം, എന്റെ ജീവിതം ഒരുപാടു മാറി. പൊതുവെ ആൾക്കാരുമായും, അയൽക്കാരുമായുള്ള ബന്ധങ്ങൾ മെച്ചപ്പെട്ടു. അയൽ വക്കത്തുള്ള പുരുഷന്മാരൊക്കെ എന്നെ അറിയാൻ തുടങ്ങി. പ്രായമുള്ളവർക്കൊപ്പം ഇരുന്ന് 'ചെക്കേഴ് സ്; കളിക്കാനൊക്കെ ആരംഭിച്ചു. അധിക സമയവും വീടിനു പു റത്ത് ചെലവിടാനും തുടങ്ങിയത് അതിനു ശേഷമാണ്. ഒരു നിമിഷം പോലും വീട്ടിനകത്തിരിക്കാൻ എനിക്കു വയ്യായിരുന്നു. അതോടെ അമ്മ, 'എഹ്താബാണു എന്റെ കുട്ടികളിൽ ഏറ്റവും നല്ലവൻ," എന്നു പറയുന്നത് അവസാനിപ്പിക്കുകയും ചെയ്തു.

ഞാൻ കണ്ടെത്തിയ പ്രധാനപ്പെട്ട ഒരു കാര്യം, യുദ്ധത്തിനു മുമ്പ് ഞാനെന്നൊരു വ്യക്തിയേ ഇല്ലായിരുന്നു എന്നതാണ്. പക്ഷെ, യുദ്ധത്തിനു ശേഷം, ഞാനിതാ, ഇവിടെയുണ്ട് – ദൈവം എന്നെ രക്ഷിക്കട്ടെ, ഈ നഗരത്തിൽ. ഇവിടത്തെ വായു ശ്വസിച്ചു കൊണ്ട്, ഈ നഗരത്തോടൊത്ത് പാട്ടുപാടിക്കൊണ്ട്, നൃത്തം ചെയ്തുകൊണ്ട്, കരഞ്ഞുകൊണ്ട്, ജീവിതമങ്ങനെ മുന്നോട്ടുപോവുകതന്നെയാണ്.......

**9**

**തമീർ നജീം / ജനനം 1993 / ആഷ് ഷെയിഖ് റാദ് വാൻ**

ഗാസ ഒരു തീപ്പെട്ടിയാണ്....  ഞങ്ങളെല്ലാം അതിനകത്തുള്ള തീപ്പെട്ടിക്കൊള്ളികളും.

യുദ്ധം തുടങ്ങിയപ്പോൾ, എല്ലാ മാധ്യമങ്ങളും ഗാസയിലേക്ക് തിരിഞ്ഞു, ഞങ്ങളെ ഫോക്കസ് ചെയ്യാൻ തുടങ്ങി: അൽ ജസീറ, അൽ അറബിയ്യ, പിന്നെ എല്ലാ സാറ്റലൈറ്റ് ചാനലുകളിലും  ഗാസ തന്നെയായിരുന്നു.  അധിനിവേശ ഭരണമാണെങ്കിൽ ഞങ്ങളെ വെറുതെ വിടുകയില്ലല്ലോ .  ലോകം മുഴുവൻ ഗാസയെപ്പറ്റിയും, ഇവിടെ നടക്കുന്ന കാര്യങ്ങളെപ്പറ്റിയും ചർച്ച ചെയ്യാൻ തുടങ്ങി.  പെട്ടെന്ന് അൽ ജസീറയിൽ വാർത്ത പ്രത്യക്ഷപ്പെട്ടു: "ബ്രേക്കിങ്ങ് ന്യൂസ്: മുഹമ്മദ് അൽ ഹിന്ദിയുടെ മരണം..." അതൊരു സാധാരണ വാർത്തയായിരുന്നില്ല. മുഹമ്മദ് അൽ ഹിന്ദി എന്റെ അമ്മാവനായിരുന്നു. അമ്മയുടെ സഹോദരൻ.  ആദ്യമായിട്ടായിരുന്നു ഞാൻ അലമുറകൾ സ്ക്രീനിൽ നിന്നും നേരെ വീട്ടിനകത്തേക്കു പകരുന്നതു കണ്ടത്.....

അലമുറകളും,  ആർത്തനാദങ്ങളും, കണ്ണീരും..... എല്ലാം കൂടിക്കുഴഞ്ഞ്..... അത് വീട്ടിനകത്തു നിന്നും തെരുവിലേക്കു പകർന്നു, അതിനിടയിൽ അമ്മ ബോധം കെട്ടുവീണു. അല്പം കഴിഞ്ഞപ്പോഴേക്കും ഫോണടിച്ചു. രണ്ടാമത്തെ അമ്മാവനായിരുന്നു, മുഹമ്മദ് രക്തസാക്ഷിയായി എന്നറിയിക്കാൻ വിളിച്ചതാണ്.  വാർത്ത ലോകം മുഴുവനറിഞ്ഞു കഴിഞ്ഞുവെന്ന് രണ്ടാമത്തെ അമ്മാവൻ അറിഞ്ഞിരുന്നില്ല.  ഈ ടെലിവിഷൻ ശരിക്കും കുടുപ്പം തന്നെയാണ്. ഒരാൾക്ക് വെടിയേൽക്കും മുമ്പു തന്നെ, വെടിയുണ്ട അയാളുടെ നെഞ്ചിലേക്ക് യാത്ര പുറപ്പെടുമ്പോൾ തന്നെ, ടെലിവിഷൻ വാർത്ത സം പ്രേഷണം ചെയ്തു കഴിഞ്ഞിരിക്കും.

പക്ഷെ, ഇപ്പോൾ ചാനലുകളെല്ലാം വെറുതെയിരിക്കുകയാണ്, വൈകാതെ തന്നെ ഗാസയിലേക്ക് ഒരു യുദ്ധത്തിനെക്കൂടി അങ്ങയക്കാൻ ദൈവത്തെ വിളിച്ചു പ്രാർത്ഥിച്ചു കൊണ്ട്, എന്നാലല്ലേ അവർക്കു പണിയുണ്ടാവൂ !

എന്തായാലും അപ്പോൾ ഞങ്ങളെല്ലാം അമ്മാവനെ ഓർത്ത് ആർത്തലച്ചു കരയാൻ തുടങ്ങി, അമ്മാവനെപ്പറ്റിയുള്ള കാര്യങ്ങൾ ഓർത്തോർത്തു പറയാനും.... ഒരുപാടു നേരം അമ്മാവനെപ്പറ്റിത്തന്നെ സംസാരിച്ചു കൊണ്ടിരുന്നു ഞങ്ങൾ. പതുക്കെപ്പതുക്കെ കരച്ചിലിന്റെ തീവ്രത കുറഞ്ഞുവന്നു, മരണം ഗാസയിൽ സാധാരണ സംഭവമായി മാറിക്കഴിഞ്ഞിരുന്നു.

യുദ്ധത്തിനു ശേഷം ഞാൻ എനിക്കു ജീവനുണ്ടോ, ഞാൻ മരിച്ചോ എന്നതു പോലും ശ്രദ്ധിക്കാതെയായി. യുദ്ധകാലത്തു ഞങ്ങൾ കണ്ട കാര്യങ്ങൾക്കു ശേഷം എനിക്കൊന്നിനെക്കുറിച്ചും വിലയില്ലാതെയായി.   ജീവിക്കുന്ന ഓരോ ദിവസവും വലിയൊരു ബോണസ്സു കിട്ടിയ പോലെയാണെനിക്കു തോന്നാറുള്ളത്.  യുദ്ധത്തിനു ശേഷം ജീവിക്കാൻ കിട്ടുന്ന ഓരോ ദിവസവും അധികമായി കിട്ടുന്നതാണെന്നും, കാരണം ആ സമയത്ത് ഞാൻ എപ്പോൾ വേണമെങ്കിലും മരിച്ചു പോകാമായിരുന്നു.

നിങ്ങൾക്കറിയാമോ, എനിക്കീ നഗരം മടുത്തു, അതിനോടെത്ര മാത്രം സ്നേഹമുണ്ടെങ്കിലും.  എനിക്ക് ആൾക്കാരെയും മടുത്തു. ചിലപ്പോഴെനിക്കു തോന്നും, ഗാസയിലുള്ള ഒന്നര മില്യൺ ജനത്തെ മുഴുവൻ ഞാനറിയുമെന്ന്. ഇവിടെ പുതുതായിട്ടൊന്നുമില്ല:  എന്നും ഒരേ ദിവസം തന്നെ ആവർത്തിച്ചു കൊണ്ടിരിക്കുന്നു. എനിക്കു യാത്ര ചെയ്യണമെന്നൊക്കെ ആഗ്രഹമുണ്ട്, പരിചയമുള്ള സ്ഥലങ്ങൾ വിട്ട് പുതിയ ഇടങ്ങളിലേക്കു പോകണമെന്നും, പുതിയ ആൾക്കാരെ പരിചയപ്പെടണമെന്നും.  എല്ലാ ദിവസവും രാവിലെ ഉണർന്നെഴുന്നേൽക്കുമ്പോൾ ഞാനാദ്യം കാണുന്നത് തൊട്ടുമുന്നിലുള്ള വൈദ്യുതിപ്പോസ്റ്റാണ്. ... ഒരു ദിവസമെങ്കിലും ഉണർന്നെണീക്കുമ്പോൾ അതവിടെ കാണാതിരുന്നെങ്കിൽ എന്നാഗ്രഹിച്ചു പോകാറുണ്ട്... എല്ലാ ദിവസവും അബു ഇബ്രാഹിം സൂപ്പർ മാർക്കറ്റിന്റെ വാതിൽക്കൽ നിൽക്കും, പയറുകച്ചവടക്കാരൻ ആബെദ് പയറുവർഗ്ഗങ്ങൾ വിറ്റഴിക്കുന്നുണ്ടാകും,

അബു എൽ ആബെദ് വീടിന്റെ വാതിൽക്കൽ കുത്തിയിരിക്കുന്നുണ്ടാവും, വീടെങ്ങാൻ ഓടിപ്പോയാലോ എന്ന് പേടിക്കുന്നതു പോലെ.... ഇബ്രാഹിമിന്റെ ഉമ്മ ഹസ്സന്റെ ഉമ്മയോടൊത്ത് നിൽപ്പുണ്ടാവും... എനിക്കെല്ലാ ടാക്സി ഡ്രൈവർമാരെയും പേരെടുത്ത് അറിയാം..... ആരാണു നഗരത്തിലേക്ക് പോവുകയെന്നും, ആരാണു ബീച്ചിലേക്ക് പോവുകയെന്നും.... സത്യമായും ആത്മാവിനെ മരവിപ്പിച്ചു കളയുന്ന അവസ്ഥ !

ജീവിതത്തിൽ ആകെ എന്തെങ്കിലും മാറ്റമുണ്ടെന്നു തോന്നുന്ന ഏക സമയം ഞാൻ നാടകപരിശീലനത്തിനായി എത്തുമ്പോൾ മാത്രമാണ്. തിയേറ്റർ എന്റെ ജോലിയും ദൗത്യവുമായിത്തീർന്നു.... അക്ഷമയോടെ ഞാനതിനായി കാത്തിരിക്കും.... തിയേറ്ററില്ലായിരുന്നെങ്കിൽ എനിക്ക് ഭ്രാന്തു പിടിച്ചേനെ. വലുതാകുമ്പോൾ എനിക്കൊരു വലിയ നടനായിത്തീരണം. കുട്ടിക്കാലം തൊട്ടേ എനിക്ക് അഭിനയിക്കാൻ ഇഷ്ടമായിരുന്നു... പക്ഷെ കുട്ടിക്കാലത്തൊക്കെ ഞാൻ ഏത് സ്ഥാപനത്തിൽ പഠിക്കാൻ ചേർന്നാലും, കുറച്ചു ദിവസം കഴിഞ്ഞാൽ അവരെന്നെ പിടിച്ചു പുറത്താക്കുകയാണു പതിവ്.... പക്ഷെ ഇത്തവണ അങ്ങനെയല്ല.

മക്രോണി, മുജദാര, നൂഡിൽസ്.... എല്ലാ വലിപ്പത്തിലും ആകൃതിയിലുമുള്ള ടിന്നുകൾ... മെയ് ഡ് ഇൻ മൊറോക്കോ, ചൈന, ശ്രീലങ്ക, പാക്കിസ്ഥാൻ, സോമാലിയ... എക് സ്പയറി ഡേറ്റ് ശ്രദ്ധിക്കേണ്ട കാര്യമില്ല..

യുദ്ധത്തിന്റെ സമയത്ത് തെരുവുകൾ നിറയെ കാലിയായ ടിന്നുകളായിരുന്നു. കാലിട്ടിന്നുകളിൽ തട്ടി ഒരുപാടു കുട്ടികളുടെ കാലുകൾ മുറിഞ്ഞു.... അധിനിവേശ ഭരണം മണ്ണിലും ആകാശത്തും ഒരേപോലെ ഞങ്ങൾക്കു മേലേ യുദ്ധം അഴിച്ചു വിട്ടിരുന്നു, ഞങ്ങളാണെങ്കിൽ ഭക്ഷണവുമായി അങ്ങേയറ്റം അലമ്പായ ഒരു യുദ്ധവും അഴിച്ചുവിട്ടിരിക്കുകയായിരുന്നു.

ദിവസം ഏതാണ്ട് പത്തുനൂറു വട്ടമെങ്കിലും ഞങ്ങൾ ആഹാരം കഴിക്കന്നുണ്ടായിരുന്നിരിക്കും ആ സമയത്ത്, രാവിലെ ആറു മണി മുതൽ, കണ്ണു തുറക്കുന്ന സമയം തൊട്ട്, പിറ്റേന്ന് പുലർച്ചെ ആറു മണി വരെ ഞങ്ങൾ തിന്നുകൊണ്ടേയിരുന്നു. ഞങ്ങളുടെ വീട്ടിൽ മാത്രമായിരിക്കും അങ്ങനെയെന്നാണു ഞാൻ ആദ്യമൊക്കെ വിചാരിച്ചിരുന്നത്, പക്ഷെ പിന്നെ ചോദിച്ചവരെല്ലാം പറഞ്ഞു,ഗാസയിൽ മൊത്തം ആൾക്കാർക്ക് ആഹാരത്തിനോട് ആർത്തി പിടിച്ചതു പോലെയായിരുന്നുവെന്ന്.

ഞാൻ വിചാരിച്ചിരുന്നത് യുദ്ധത്തിന്റെ അന്തരീക്ഷവും, കൊല്ലപ്പെട്ടവരുടെയും നാശനഷ്ടങ്ങളുടെയും വാർത്തകളുമെല്ലാം കൂടി ആൾക്കാരുടെ വിശപ്പേ കെടുത്തിക്ക്ളയുമെന്നാണ്. പക്ഷെ മറിച്ചാണു സംഭവിച്ചത്, പേടിയും, ഭീതിയും, ആശങ്കകളുമെല്ലാം കൂടിച്ചേർന്നപ്പോൾ ആൾക്കാരുടെ വിശപ്പ് കൂട്ടുകയാണുണ്ടായത്. എല്ലാവരും കൂടുതൽ കഴിക്കാൻ തുടങ്ങി. ബന്ധുക്കൾ മുഴുവൻ ഞങ്ങളുടെ വീട്ടിൽ ആയിരുന്നുവെന്നതും ഒരു കാരണമാകാം, പ്രത്യേകിച്ച് പെൺകുട്ടികൾ. അവർ ആർക്കാണു കൂടുതൽ രുചികരമായ ഭക്ഷണമുണ്ടാക്കാൻ പറ്റുക എന്ന് മത്സരിക്കാൻ തുടങ്ങി. എന്റെ പാവം പിതാവിനു അവർക്കൊപ്പമെത്താൻ ബുദ്ധിമുട്ടായിരുന്നു, എല്ലാ തരത്തിലും നിറത്തിലുമുള്ള പാക്കറ്റുകൾ ചുമന്നെത്തിക്കുന്ന കാര്യത്തിൽ. യുദ്ധത്തിന്റെ ഇരുപതു ദിവസം കൊണ്ട് ഞങ്ങൾ ഏതാണ്ട് ഒരു കൊല്ലത്തേക്കുള്ള ഭക്ഷണം കഴിച്ചു തീർത്തു കാണും. പ്രശ്നമെന്തായിരുന്നെന്നു വെച്ചാൽ, എനിക്കൊന്നും വേണ്ട എന്നു ഓരോ വട്ടം പറഞ്ഞപ്പോഴും ഞാൻ കൂടുതൽ കഴിക്കുകയായിരുന്നു.

വലുതാകുമ്പോൾ എനിക്കൊരു ജേണലിസ്റ്റോ, വക്കീലോ, പ്രധാനമന്ത്രിയോ ആവണം. ജേണലിസ്റ്റാവണമെന്നാഗ്രഹിക്കുന്നത്, ഗാസയുടെ സൗന്ദര്യവും, ലാളിത്യവും ചിത്രങ്ങളിലൂടെ പകർത്താനായിട്ടാണ്, ഗാസയെ എനിക്ക് അത്രയ്ക്കിഷ്ടമായതു കൊണ്ട്. എനിക്കതിന്റെ ഉപ്പും, മണലും,വായുവും അത്രയ്ക്കിഷ്ടമാണ്. വക്കീലാവണമെന്നാഗ്രഹിക്കുന്നത്, ഇവിടത്തെ ദരിദ്രരും, അനീതിയെ നേരിടുന്നവരുമായ ആൾക്കാർക്കു വേണ്ടി കേസു നടത്താമല്ലോയെന്നു വെച്ചിട്ടും. ഗാസയിൽ ആരും കഷ്ടപ്പെടുന്നതു കാണാൻ

എനിക്കിഷ്ടമല്ല.  പ്രധാനമന്ത്രിയാവുകയാണെങ്കിൽ, ഇവിടെ നിയമവും ക്രമസമാധാനവും നടപ്പിലാക്കാൻ കഴിയുമല്ലോ എന്നുവെച്ചിട്ടും, അതിൽ നിന്നാണല്ലോ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം ആരംഭിക്കുന്നത്.....

**11**
**റവാന്ദ് ജ'രൂർ / ജനനം 1997 / അൽ ദരാജ്**

"പേടിക്കണ്ട  കുട്ടികളേ, സമാധാനിക്കൂ...  ഇത് സ്ഥിരം കേൾക്കുന്ന ലക്ഷ്യമില്ലാത്ത വെടിയുതിർക്കൽ മാത്രമാണ്,"  ബോംബിടൽ ആരംഭിച്ചയുടനെ ഞങ്ങളുടെ ടീച്ചർ പറഞ്ഞതിങ്ങനെയായിരുന്നു.  അല്പം കഴിഞ്ഞപ്പോൾ ടീച്ച റുടെ മൊബൈൽ ഫോണടിച്ചു, ഫോണെടുത്തിട്ട് അവർ ചുരുക്കം വാക്കുകളേ സംസാരിച്ചുള്ളൂ: "120 പേരോ ?" അവർ ഫോൺ തറയിലേക്ക് വലിച്ചെറിഞ്ഞിട്ട്  ഞങ്ങളോടു പറഞ്ഞു. "പൊയ്ക്കോളൂ വീട്ടിലേക്ക്, എല്ലാവരും."

മുറ്റത്തിറങ്ങിയ ഉടനെ ഞങ്ങൾ ഞങ്ങളുടെ രക്ഷിതാക്കളെ കണ്ടു, ചിലരൊക്കെ വീട്ടിൽ നിൽക്കുന്ന വസ്ത്രം മാറ്റിയിരുന്നില്ല, ചിലർ പൈജാമയിൽ, ചിലർ ബനിയൻ മാത്രമിട്ട്, ചിലർ ചെരുപ്പില്ലാതെ...  ഞങ്ങൾ ശരിക്കും പേടിച്ചരണ്ടിരുന്നു.  ഞാൻ എന്റെസഹോദരിമാരുമൊത്ത് ഞങ്ങളുടെ അച്ഛൻ വരുന്നതു കാത്തുനിന്നു, പക്ഷെ ഒരുപാടു വൈകിയിട്ടും അച്ഛനെത്തിയില്ല. അതോടെ ഞങ്ങൾ തനിയെ വീട്ടിലേക്കു പോകാൻ തീരുമാനിച്ചു, ദൂരം ഒരുപാടുണ്ടായിരുന്നെങ്കിലും.

പോകുന്ന വഴിയിൽ ഞാൻ ജീവിതത്തിലാദ്യമായി ഒരു കാഴ്ച കണ്ടു, ഒരു രക്തസാക്ഷിയെ പാലസ്തീൻ പതാക പുതപ്പിച്ച്, ശവപ്പെട്ടിയിൽ കൊണ്ടുപോകുന്നു, ചുറ്റും ബാനറുകളുണ്ട്, കരയുന്ന ആൾക്കാരും. പക്ഷെ വിചിത്രമായിത്തോന്നിയത്, സംസ്കാരത്തിൽ ആകെ മുപ്പതോളം പേരേ ഉണ്ടായിരുന്നുള്ളൂ എന്നതാണ്. സാധാരണ രക്തസാക്ഷികളുടെ ശവമടക്കിൽ ആയിരക്കണക്കിനാൾക്കാരുണ്ടാവാറുണ്ട്.  അപ്പോഴെനിക്കു തോന്നി, രാജ്യത്ത് ശരിക്കും എന്തോ കൊടും ദുരന്തം നടന്നുകൊണ്ടിരിക്കുന്നുണ്ട്.

അച്ഛന്റെ കാര്യമോർത്ത് എനിക്കു പേടിയാവുന്നുണ്ടായിരുന്നു.  ഞങ്ങളെ കൂട്ടിക്കൊണ്ടുപോവാൻ അച്ഛൻ വരേണ്ടെന്നാണെനിക്ക് തോന്നിയത്, വരുന്ന വഴിക്കെങ്ങാൻ അച്ഛൻ റോക്കറ്റാക്രമണത്തിൽ പെട്ടാലോ ? എനിക്കും മരിക്കാൻ ഭയമായിരുന്നു. ആ സമയത്ത് മരിക്കാൻ ഞാനിഷ്ടപ്പെട്ടില്ല, അഥവാ ഞാനെങ്ങാൻ മരിച്ചു പോയിട്ട് എന്റെ ശവസംസ്കാരത്തിനു ആരും എത്തിച്ചേർന്നില്ലെങ്കിൽ അതെന്തൊരു ദുരന്തമാകും !

ഞാൻ വീടിനു നേരെ ഓടാൻ തുടങ്ങി.  എനിക്കു ചുറ്റും ആൾക്കാർ ഓടുന്നുണ്ടായിരുന്നു, ലോകാവസാനം വന്നതുപോലെ.

എങ്ങോട്ടാണോടുന്നതെന്ന് ആർക്കുമറിയില്ലായിരുന്നു, കാരണം, റോക്കറ്റുകളുടെ ഇരമ്പം ഒരു നിമിഷം പോലും നിലയ്ക്കുന്നുണ്ടായിരുന്നില്ല. നിമിഷങ്ങളുടെ ഇടവേളയിൽ റോക്കറ്റുകൾ ഭൂമി കുലുക്കിക്കൊണ്ട് പതിച്ചു കൊണ്ടിരുന്നു.

തെരുവുകൾ ഞാനെന്നും കാണാറുള്ള തെരുവുകളല്ലെന്നും, ആൾക്കാർ എന്നും കാണാറുള്ള ആൾക്കാരല്ലെന്നും എനിക്കു തോന്നി, വിചിത്രമായ, അപരിചിതമായ കാഴ്ചകൾ, ശബ്ദങ്ങൾ, മണങ്ങൾ.

യുദ്ധത്തിനു ശേഷം എന്റെയുള്ളിൽ ഒരുപാട് മാറ്റങ്ങളുണ്ടായി. എനിക്ക് ബാത്ത് റൂമിൽ പോകാൻ മടിയായിത്തുടങ്ങി. ബാത്ത് റൂമിലേക്ക് കടക്കുമ്പോഴേക്കും എനിക്ക് പുറത്തിറങ്ങാൻ തിരക്കാവും. കാരണം മറ്റൊന്നുമായിരുന്നില്ല, യുദ്ധത്തിന്റെ സമയത്തൊക്കെ എന്റെ ഏറ്റവും വലിയ ഭയം, ഞാൻ ബാത്ത് റൂമിൽ പോകുന്ന നേരത്തെങ്ങാൻ വീടിനു മുകളിൽ റോക്കറ്റു വല്ലതും വന്നു വീണാലോ എന്നായിരുന്നു. ബാത്ത് റൂമിനകത്തായിരിക്കുമ്പോൾ പുറത്തു നടക്കുന്നതൊന്നും ശ്രദ്ധിച്ചെന്നു വരില്ലല്ലോ....

അതുപോലെ, സ്കൂളിൽ രാവിലത്തെ അസംബ്ലിക്ക് വരി നിൽക്കുന്നത് എനിക്ക് സഹിക്കാൻ പറ്റാതായി. യുദ്ധം തുടങ്ങുന്ന സമയത്ത്, ഞങ്ങൾ സ്കൂളിൽ രാവിലെ അസംബ്ലിക്ക് വരിയായി നിൽക്കുകയായിരുന്നു. അതുകൊണ്ട് ഇപ്പോഴും എനിക്ക് ആ വരിയിൽ നിൽക്കുന്ന സമയം ഭീതിയും ആശങ്കയും നിറഞ്ഞതായി മാറുന്നത്. സ്കൂൾ മൊത്തം ആശങ്കയുടെ ഒരു കൂമ്പാരമായിത്തോന്നി. ആ വരി നിൽക്കൽ പ്രത്യേകമായൊന്നും.

അല്ലാതെ ഭീതിപ്പെടുത്തുന്ന സ്വപ്നങ്ങൾ എന്നെ അലട്ടാനും തുടങ്ങിയിരുന്നു. രാത്രി മുഴുവൻ ഞാൻ ഭയത്തിൽ കഴിച്ചു കൂട്ടും, ഒരു വശത്ത് ഉറങ്ങാനുള്ള ആഗ്രഹം, മറു വശത്ത് പേടിസ്വപ്നങ്ങൾ..... ഉറക്കം കൺപോളകൾക്കു പുറകിൽ പതിയിരിക്കുന്ന രാക്ഷസനായി മാറി. നേരം പുലരും വരെ ഞാൻ അങ്ങനെത്തന്നെ കിടക്കും. എപ്പോഴാണുറങ്ങിയതെന്നോ, എപ്പോഴാണുണർന്നതെന്നോ അറിയാതെ.

എനിക്കൊരു നടിയാവണമെന്നാണാഗ്രഹം. പക്ഷെ ഈ സ്വപ്നം സാദ്ധ്യമാകാൻ ഗാസയിൽ എളുപ്പമല്ലെന്നെനിക്കറിയാം, പ്രത്യേകിച്ച് പെൺകുട്ടികൾക്ക്.. ഗാസയിലുള്ളവർക്ക് എന്റെ കഴിവുകൾ കാണാനുള്ള അവസരം ലഭിക്കാതിരിക്കുന്നത് വലിയൊരു നഷ്ടമാവും, ഉറപ്പ്. കാരണം എനിക്കു വലിയൊരു നടിയാവാൻ കഴിയുമെന്ന് തീർച്ചയാണ്. അല്ല, അവർക്ക് എന്നെ ആവശ്യമില്ലെങ്കിൽ പോയി പണി നോക്കാൻ പറയും ! ഞാൻ ഏതെങ്കിലും രാജ്യത്തു പോയി അവിടെ അഭിനയിച്ചോളാം !

എന്തായാലും, ഗാസയിലുള്ളവർക്ക് സത്യത്തിൽ ഒന്നും തന്നെ ലഭിക്കുന്നില്ല – തിയേറ്റർ മാത്രമല്ല ഇവിടെ ഇല്ലാത്തത്. ചിലപ്പോഴൊക്കെ ഞാനാലോചിക്കും, ഗാസയിലെ ജനങ്ങൾക്ക് ഭക്ഷണം തന്നെ കണ്ടെത്താനാവുന്നില്ല, പിന്നെങ്ങനെയാണവർ ടിക്കറ്റെടുത്തു നാടകം കാണുക ?

നിങ്ങൾക്കറിയാമോ ? ഞാനാഗ്രഹിക്കുന്നത്, ഒരു ജനാധിപത്യ പൗരസമൂഹമുള്ള, സമാധാനമുള്ള, ഇരുപതു സിനിമാ തിയേറ്ററുകളെങ്കിലുമുള്ള ഒരു രാജ്യത്തു ജീവിക്കണമെന്നാണ്. എന്നിട്ട് സിനിമകൾ കണ്ടുകൊണ്ടേയിരിക്കണമെന്നും, എന്റെ ഭാവനയുടെ ലോകത്തങ്ങനെ പറന്നുനടക്കണമെന്നും സ്വപ്നം കാണണമെന്നുമൊക്കെയും.

**12**
**റീം അഫാന / ജനനം 1996 / അൽ സഫ് താവി സ് ട്രീറ്റ്**

കുട്ടിക്കാലത്ത് ഞാൻ വിചാരിച്ചിരുന്നത്, ലോകത്തിലെ ഏറ്റവും സന്തോഷമുള്ള കുട്ടി ഞാനാണെന്നായിരുന്നു. പക്ഷെ, വലുതാവും തോറും, എന്റെ മനസ്സും വലുതായി വരുന്തോറും, എന്റെ ആശങ്കകളും വർദ്ധിച്ചു വന്നു, കാരണം നേരത്തെ മനസ്സിലാവാതിരുന്ന പല കാര്യങ്ങളും എനിക്കു മനസ്സിലാവാൻ തുടങ്ങിയിരുന്നു. ആവശ്യമുള്ളതൊന്നും കിട്ടാനിടയില്ലാത്ത കുട്ടിയുടെ അവസ്ഥ എന്താണെന്നെനിക്കു മനസ്സിലാവാനും തുടങ്ങി.

എന്നെ ഏറ്റവുമധികം അസ്വസ്ഥയാക്കുന്നതും, കരയിപ്പിക്കുന്നതും മറ്റൊന്നുമല്ല, കുട്ടികളുടെ കണ്ണീരാണ് – ലോകത്തുള്ള എല്ലാ കുട്ടികളുടെയും കണ്ണീര്, അവരുടെ രാജ്യവും മതവും വർണ്ണവും ഒന്നും അവിടെ വിഷയമല്ല. വലുതാവുമ്പോൾ എനിക്കൊരു ശിശുരോഗവിദഗ്ദ്ധയാവണം, ആയൊരു പ്രതീക്ഷയാണെനിക്ക് ജീവിതത്തിൽ മുന്നോട്ടു പോകാനുള്ള ഊർജ്ജം തരുന്നത്. ഞാനേറ്റവുമധികം മടുപ്പു ബാധിച്ച അവസ്ഥയിലായാലും, ദുഃഖിതയായാലും, കാരണം ഗാസയ്ക്ക് സ്വന്തമെന്നു പറയാവുന്ന ഒരു ജീവിതം പോലുമില്ലല്ലോ.

ഇന്നലെ സ്കൂളിലിരിക്കുന്ന സമയത്ത് വിമാനങ്ങളുടെ ശബ്ദം കേട്ടു. ഞാനാകെ ഭയന്നുവിറച്ചു പോയി. പെട്ടെന്നെനിക്കു തോന്നി, ഞാൻ മരിയ്ക്കാൻ പോവുകയാണെന്ന്. യുദ്ധമാണെനിക്കോർമ്മ വന്നത്. എനിക്കു സ്കൂളിൽ നിന്നോടിപ്പോകാൻ പോലും തോന്നി. യുദ്ധത്തിനെപ്പറ്റിയുള്ള ഓർമ്മകൾ മടങ്ങിവന്നതു കൊണ്ട്, ഞാനിപ്പോൾ മരിച്ചു പോകാൻ പോവുകയാണെന്നു പോലും എനിക്കു തോന്നിപ്പോയി. യുദ്ധത്തിന്റെ രംഗങ്ങൾ അത്ര വേഗമൊന്നും മനസ്സിൽ നിന്നൊഴിഞ്ഞു പോവുന്നവയായിരുന്നില്ല.

യുദ്ധത്തിന്റെ മൂന്നാം ദിവസം ഞങ്ങളുടെ കുടുംബം മുഴുവൻ ഒരുമിച്ചിരുന്ന് എന്തൊക്കെയാണു നടക്കുന്നതെന്നതിനെപ്പറ്റി സംസാരിക്കുകയായിരുന്നു. എന്റെ അമ്മൂമ്മ, ആപത്തൊന്നും സംഭവിക്കില്ലെന്ന് ഞങ്ങളെ ധൈര്യപ്പെടുത്താൻ ശ്രമിച്ചു കൊണ്ടിരുന്നു. ഞങ്ങൾ ശരിക്കും അല്പം സമാധാനത്തിലെത്തിയിരുന്നു, റോക്കറ്റുകളുടെ ശബ്ദം അപ്പോഴും നിലച്ചിരുന്നില്ല, പക്ഷെ, അമ്മൂമ്മയുടെ ഊഷ്മളമായ ശബ്ദം ഞങ്ങളെ ആശ്വസിപ്പിച്ചു.

ഫോണടിച്ചു..... ടെലഫോൺ ലൈനുകളെ യുദ്ധം ബാധിച്ചിരുന്നില്ല.... അതു കൊണ്ട് ഫോണിന്റെ ശബ്ദം കേട്ടപ്പോൾ ഞങ്ങൾ സന്തോഷിച്ചു....

"ഹലോ..."
"യെസ്...."
"ഇത് ഇസ്രായേലി ഡിഫൻസ് ഫോഴ് സ് (ഐ ഡി എഫ്) ആണ്. നിങ്ങൾക്ക് വീടൊഴിഞ്ഞു പോകാൻ അഞ്ചു മിനിട്ടുണ്ട്, അത് നിങ്ങളുടെ തന്നെ നല്ലതിനു വേണ്ടിയാണ്. ഞങ്ങൾ മുന്നറിയിപ്പ് തന്നിരിക്കുന്നു."

എനിക്കു സ്വന്തം കാലുകളിൽ ഉറച്ചു നിൽക്കാൻ പറ്റാതായി. വീട്ടിലുള്ളവരെല്ലാം അലറിവിളിക്കാൻ തുടങ്ങി. ആദ്യം ഓടിക്കളഞ്ഞത് അമ്മൂമ്മയായിരുന്നു ! അമ്മൂമ്മ അത്ര വേഗത്തിൽ നീങ്ങുന്നതു തന്നെ ഞാൻ ആദ്യമായിട്ടാണു കണ്ടത്. അച്ഛൻ എന്നെയും സഹോദരിമാരെയും ചേർത്തു പിടിച്ച് ഞങ്ങളോട് ഭയപ്പെടാതിരിക്കാൻ പറഞ്ഞു.

വേഗം ഇറങ്ങാനായി അച്ഛൻ എന്നോട് കൂവിവിളിക്കുന്നുണ്ടായിരുന്നു. പക്ഷെ എന്റെ ടെഡ്ഡിബെയറിനെ എടുക്കാതെ പോയാൽ മരിച്ചു പോകുന്ന പോലെയായിരുന്നു എനിക്ക്. അവനെ ബോംബിന്റെ താഴെ ഉപേക്ഷിച്ചു പോവുന്നത് എനിക്കു ചിന്തിക്കാൻ കൂടി കഴിയുമായിരുന്നില്ല. ഞാൻ അച്ഛന്റെ പിടി വിടുവിച്ച് ഓടിപ്പോയി,എന്റെ കരടിക്കുട്ടനെ എടുത്ത് കയ്യിൽ മുറുകെപ്പിടിച്ചു കൊണ്ട് ഓടി.

ഞങ്ങൾ ഓടി വീട്ടിൽ നിന്നും ദൂരെയെത്തി, എന്നിട്ട് അഞ്ചു മിനിട്ടു നേരത്തേക്ക് നിലത്തിരുന്നു.

ഒരുപക്ഷെ, ചരിത്രത്തിലെ ഏറ്റവും നീണ്ട അഞ്ചു മിനിട്ടുകളായിരുന്നിരിക്കാം അവ....  അഞ്ച്, പത്തായി.....  വർഷങ്ങളാണു കടന്നുപോകുന്നതെന്ന് ഞങ്ങൾക്കു തോന്നി.

ഞാനാകെ ഒരു ചുഴിയിൽപ്പെട്ട പോലെയായിരുന്നു.  ചിന്തകളും സ്വപ്നങ്ങളുമെല്ലാം കൂടി എന്റെ തലയിൽക്കിടന്നു ചുറ്റിക്കറങ്ങിക്കൊണ്ടിരുന്നു. ഒരു ഡോക്ടറാവണമെന്ന എന്റെ സ്വപ്നം വളരെ, വളരെ ദൂരെയാണെന്നെനിക്കു തോന്നി.

ഞാൻ കരടിയെ ചേർത്തുപിടിച്ചുകൊണ്ട്, ചെറിയ കുട്ടിയായിരുന്ന കാലത്ത് ഞാൻ എപ്പോഴും പൊട്ടിച്ചിരിക്കാറുള്ളതോർത്തു.

എനിക്ക് വീണ്ടും ആ കൊച്ചുകുട്ടിയാവാൻ തോന്നി,  എന്നിട്ട് എല്ലാക്കാലത്തും അങ്ങനെ കൊച്ചുകുട്ടിയായിത്തന്നെ ഇരിക്കുക, എനിക്ക് വലുതാവുകയേ വേണ്ട.

പക്ഷെ, എന്നെ ആശ്വസിപ്പിച്ച ഒരേയൊരു വസ്തുത, ഒരു നിമിഷം പോലും കൈവിടാതെ, ഒരുമിച്ചു നിന്ന മനുഷ്യരുടെ സ്നേഹമായിരുന്നു.  ഗാസ സ്നേഹം കൊണ്ട് നിറഞ്ഞിരിക്കുന്നു.

**13**

**റീമാ എൽ സാദി / ജനനം 1995 / ആഷ് ഷെയ് ഖ്  റാദ് വാൻ**

എമിറേറ്റ് സിൽ നിന്ന് ഞങ്ങൾ തിരിച്ചു വന്നപ്പോൾ എനിക്ക് ഒമ്പതു വയസ്സായിരുന്നു.  ആ വരവിലാണു ഞാൻ ആദ്യമായി ഗാസ കാണുന്നത്. കാർ തെരുവിലൂടെ മെല്ലെ നീങ്ങുമ്പോൾ ഞാൻ പുറത്തേക്ക് നോക്കിക്കൊണ്ടിരുന്നു.  അവിടെ കണ്ടതൊന്നും എനിക്കിഷ്ടപ്പെട്ടില്ല. ഒരു

ട്രാഫിക് സിഗ് നലിൽ കാർ നിർത്തിയപ്പോൾ കുറേ കുട്ടികൾ ഓടിക്കൂടി, അവർ പിച്ചചോദിക്കുകയും, ബബിൾ ഗമ്മും ബിസ്കറ്റുകളും വിൽക്കാൻ ശ്രമിക്കുകയും ചെയ്തു.  അപ്പോൾ എനിക്ക് എന്നോടു തന്നെ വെറുപ്പു തോന്നി, എങ്ങനെയെങ്കിലും എമിരേറ്റ് സിലേക്ക് തിരിച്ചു പോയാൽ മതിയെന്നും.

അന്നു തൊട്ട് ഞാൻ ഗാസയിൽത്തന്നെയാണു ജീവിച്ചിട്ടുള്ളത്. ഇപ്പോൾ ഇവിടം വിട്ടുപോകാൻ എനിക്കിഷ്ടമല്ല, പാരീസിലേക്ക് പോകാൻ അവസരം കിട്ടിയാൽ പോലും, ഞാൻ ഗാസ തന്നെ തിരഞ്ഞെടുക്കും. കാരണം, പിന്നീടാണെനിക്കു മനസ്സിലായത്, ഗാസയുടെ ഉള്ളിലുള്ള സ്നേഹം ലോകം മുഴുവനെടുത്താലും പകരം വെയ്ക്കാനാവാത്തതാണെന്ന്, ഓരോ സ്ഥലത്തെയും നിർണ്ണയിക്കുന്നത് അവിടത്തെ മനുഷ്യരാണെന്ന്, കെട്ടിടങ്ങളോ കാഴ്ചകളോ അല്ലെന്ന്.

ഞങ്ങൾ എമിരേറ്റ് സിൽ ആയിരുന്നപ്പോൾ തന്നെ അമ്മ എന്നോട് ഗാസയെപ്പറ്റി ധാരാളം പറഞ്ഞു തന്നിരുന്നു.  കാണും മുമ്പു തന്നെ ഞാൻ ഗാസയെ ഇഷ്ടപ്പെട്ടു, പക്ഷെ, ഇവിടെ ജീവിക്കാൻ തുടങ്ങിയ ശേഷം ആ ഇഷ്ടം പതിന്മടങ്ങായി. അമ്മ പോലും കണ്ടിട്ടില്ലാത്ത ഒരുപാട് ചെറിയ ചെറിയ കാര്യങ്ങൾ ഗാസയിലുണ്ട്. പക്ഷെ, ഏറ്റവും വലിയ കഷ്ടം എന്താണെന്നു വച്ചാൽ.....   ഗാസയ്ക്ക് ആകെ വേണ്ടത് സുരക്ഷിതത്വം മാത്രമാണ്, അതു കൂടിയുണ്ടായാൽ ലോകത്തിലെ ഏറ്റവും മനോഹരമായ നഗരമാവും ഗാസ.

യുദ്ധത്തിൽ തക് വ പള്ളിയും നൂർ പള്ളിയും അവർ  ബോംബിട്ടു തകർത്തു, അതിനു ശേഷം അബു എൽ കാരെയുടെ വീടും.  അബു എൽ കാരെയുടെ വീടാണു നമ്മുടെ വിഷയം.  അവർ ഞങ്ങളുടെ അയൽക്കാരാണ്. ഇസ്രായേലി രഹസ്യ ഏജൻസി അവരുടെ വീട്ടിൽ ബോംബിടുമെന്ന് ഭീഷണിപ്പെടുത്തിയിരുന്നു.  എല്ലാവരും ഞങ്ങളോടു പറഞ്ഞു, ഞങ്ങൾ വീടിന്റെ താഴത്തെ നിലയിലേക്ക് മാറുന്നതാണു നല്ലതെന്ന്, അത് കൂടുതൽ സുരക്ഷിതമാണെന്ന്,  അവർ അബു എൽ കാരെയുടെ വീട്ടിൽ ബോംബിടുമ്പോൾ അത് ഞങ്ങളുടെ മേൽ വീഴാതെ രക്ഷപ്പെടാമെന്നും.

അങ്ങനെ ഞങ്ങൾ താഴത്തെ നിലയിലേക്കു പോയി, സൈന്യം  അബു എൽ കാരെയുടെ വീട്ടിൽ ബോംബിടുന്നതും പ്രതീക്ഷിച്ചിരുന്നു. പക്ഷെ അവർ ബോംബിട്ടത് നൂർ പള്ളിയുടെ മേലെയും. പള്ളിയുടെ വാതിലുകളും, ജനാലകളും, കല്ലുകളുമെല്ലാം ഞങ്ങളുടെ മേൽ വന്നു വീണു.  എനിക്ക് ഒരുപാടു പരിക്കു പറ്റി. വാതിലുകളെല്ലാം വന്നു വീണത് എന്റെ തലയിലായിരുന്നു. എല്ലാവരും ആർത്തുനിലവിളിച്ചു കൊണ്ടിരുന്നു, മൊത്തം കലാപമായിരുന്നു.

അടുത്ത ദിവസം ഞങ്ങളുടെ കുടുംബം മുഴുവൻ ഒത്തു ചേർന്നു, മുകളിലെ നിലയിലെ ഫ്ലാറ്റിലേക്കു തന്നെ മടങ്ങിപ്പോകാൻ തീരുമാനിച്ചു.  ഞങ്ങൾ തിരിച്ചു പോയി, ഏറ്റവും മുകളിലെ നിലയിലേക്ക്.  പക്ഷെ, ഇത്തവണ അവർ

ബോംബിട്ടത്  തക് വ പള്ളിയിലായിരുന്നു.  ചില്ലും, കല്ലുകളുമൊക്കെ മുകളിലെ നിലയിലെ ഞങ്ങളുടെ ഫ്ലാറ്റിലേക്കു പറന്നു വീണു....  അങ്ങനെ ഞങ്ങൾ വീണ്ടും താഴത്തെ ഫ്ലാറ്റിലേക്കു തന്നെ പോകാൻ തീരുമാനിച്ചു, ഇതിലും സുരക്ഷിതം അവിടെയാണെന്നു തോന്നിയതു കൊണ്ട്. എന്നിട്ട് ഞങ്ങൾ വീണ്ടും, അബു അൽ കപാരെയുടെ വീട്ടിൽ ബോംബു വീഴുന്നതും കാത്തിരുന്നു. ആ രാത്രി അവർ ശരിക്കും അവിടെ ബോംബിട്ടു.

ആദ്യം അവർ ഒരു റോക്കറ്റ് വിട്ടു, പുറകെ മറ്റൊന്നും. അത് പൊട്ടിയില്ല. അവർ മറ്റൊന്നു കൂടി ഇട്ടിരുന്നെങ്കിൽ, അത് പൊട്ടാതെ കിടന്ന റോക്കറ്റിൽ വന്നു വീണിരുന്നെങ്കിൽ, ആ പരിസരം മുഴുവൻ ഇല്ലാതായേനെ.....  അപ്പോൾ ആൾക്കാർ പറഞ്ഞേനെ... "ഇവിടെയായിരുന്നു അബു അൽ കപാരെയുടെ വീടിന്റെ പരിസരം."

***(പാലസ്തീനിയൻ അറബിയിൽ നിന്ന് ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്തത് – ഫിദാ ജിർയിസ്***
***മലയാള പരിഭാഷ – രേണു രാമനാഥ്)***